OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III Book. 09 Regd. No. R/450/2001 ■ 1196 ചിങ്ങം-കന്നി ■ സെപ്റ്റംബർ Date: 30.09.2021

## സെപ്റ്റംബർ 2

# ലോക നാളികേരദിനം



കേരളത്തിന്റെ സംസ്ഥാനവൃക്ഷമാണ് തെങ്ങ്. കേരളീയർ തങ്ങൾക്ക് എന്തും നൽകുന്ന വൃക്ഷം എന്ന അർത്ഥത്തിൽ തെങ്ങിനെ കല്പവൃക്ഷം എന്നും വിളിക്കുന്നു. കാരണം തേങ്ങ ഒരു പവർഹൗസാണ്. തേങ്ങയ്ക്കുള്ളിലെ വെള്ളം, പാചക എണ്ണ, കരിക്ക് വെള്ളം, തടി, മേച്ചിലിന് ഓല, കയറുത്പന്നങ്ങൾ, സൗന്ദര്യവർദ്ധക ഉത്പന്നങ്ങളിൽ ഉപയോഗിക്കുന്ന തേങ്ങാ വെണ്ണ, തേങ്ങാ ക്രീം, തുടങ്ങി നീര, കള്ള്, ചാരായം, വിനാഗിരി എന്നുവേണ്ട ഉപോൽപ്പന്നങ്ങൾ, ചൂട്ട്, മടൽ. കൊതുമ്പ്, ചിരട്ട തുടങ്ങി വിറകിനും ആവശ്യമായ സാമഗ്രികൾ, തെങ്ങിൻപ്പൂക്കൾ, കരിക്ക്, പൂജാ സാമഗ്രികൾ അങ്ങനെ എന്തിനും തെങ്ങിനെ ആശ്രയിക്കാം. തെങ്ങോലയും തടിയുമുപയോഗിച്ച് പണിത കുടിലുകളും, റൂമുകളും, തടിയിലും ഈർക്കിലിയിലും ചിരട്ടയിലും തീർക്കുന്ന വിശാലമായ കരകൗശല ഉൽപ്പന്നങ്ങളും "കല്പവൃക്ഷം" എന്ന പേരിനെ അന്വർത്ഥമാക്കുന്നു.



കേരം തിങ്ങും കേരള നാട്ടിൽ....

സെപ്റ്റംബർ 2 ലോക നാളികേര ദിനം. (വേൾഡ് കോക്കനട്ട് ഡേ) നാളികേരത്തിന്റെ നാട്ടിൽ ഈ ദിവസത്തിന് പുതുമയൊന്നുമില്ല. കിട്ടുന്ന തേങ്ങ കറിവെച്ചും ബാക്കി എണ്ണയാട്ടിയും മാത്രം ശീലിച്ച മലയാളിയെ തേങ്ങയുടെ വൈവിധ്യം ആകർഷിക്കുന്നതേയില്ല. മൂല്യവർദ്ധിത ഉത്പന്നങ്ങൾ തുറക്കുന്ന സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള കാഴ്ചപ്പാടോ സമഗ്രപദ്ധതികളോ നമുക്കില്ല. പിടിച്ചു നിൽക്കാനാവാത്ത പ്രതിസന്ധിയിലും കർഷകന്റെ കണ്ണീരൊപ്പാനാകുന്നില്ല.

### കേരകർഷക മേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും തേടി ഒരു അന്വേഷണം.

ആഗോള വിപണിയിലെത്തുന്ന തേങ്ങാപ്പാലിൽ 53 ശതമാനവും ശ്രീലങ്കയുടെ വിഹിതം. 30 ശതമാനം ഇൻഡോനേഷ്യയുടെ വക. ഉല്പ്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ഇന്ത്യയുടെ വിഹിതം വെറും 0.30 ശതമാനം. ആഗോളവിപണിയിലെത്തുന്ന തൂൾത്തേങ്ങ ( ചിരകി ഉണക്കി സംസ്കരിച്ച തേങ്ങ ) യുടെ വിഹിതം നോക്കാം. ഫിലിപ്പൈൻസ് 27% , ഇൻഡൊനീഷ്യ 26%, ശ്രീലങ്ക 8%, ഇന്ത്യ 4%. മൂല്യവർദ്ധിത ഉത്പാദന രംഗത്തും കയറ്റുമതിയിലും ഇതാണ് ഇന്ത്യയുടെ ചിത്രം.

സംസ്ഥാന കൃഷിവകുപ്പും പ്രബുദ്ധരായ കർഷകരും അവരെ സഹായിക്കാൻ നാളികേര ബോർഡും ഉള്ള നമ്മുടെ കൊച്ചു കേരളം നാളികേര ഉത്പാദനത്തിലും വൈവിദ്ധ്യവല്കരണത്തിലും മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും കയറ്റുമതിയിലും ശ്രദ്ധിച്ചേ തീരൂ. ഈ ദിനത്തിൽ അത്തരമൊരു ആശയം കേര കർഷകന്റെ കണ്ണീർ തുടയ്ക്കാൻ സർക്കാരും ഏറ്റെടുക്കുമെന്ന് ആശിക്കാം.

ലോക ഐക്യദാർഢ്യത്തിന്റെ സ്മരണയ്ക്കായി ലോക നാളികേര ദിനത്തിൽ ഒരു ചിന്താവിഷയം, തീം, സജ്ജമാക്കിയിട്ടുണ്ട്.

### ചിന്താവിഷയം

കോവിഡ് 19 മഹാമാരിയുടെ തിക്താനുഭവങ്ങൾ നെഞ്ചിലേറ്റി ഈ വർഷത്തെ ലോക നാളികേര ദിനാചരണത്തിന്റെ ചിന്താവിഷയം (തീം) "'കോവിഡ് - 19 മഹാമാരിയ്ക്കും അതിനുമപ്പുറവും സമൂഹത്തിന് സുരക്ഷിതവും സമഗ്രവും സുസ്ഥിരവുമായ നാളികേര സമൂഹം കെട്ടിപ്പടുക്കുക" എന്നതാണ്.

# എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ഘടനാപരമായ ചർച്ചാ യോഗം

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം 2021 സെപ്റ്റംബർ 2-ാം തിയതി പകൽ 11 മണിക്ക് കൊറോണ പ്രോട്ടോക്കോൾ പാലിച്ച് ഭാഗികമായി നേരിട്ടും ഭാഗികമായി വീഡിയോ കൊൺഫ്രൻസ് വഴി ഓൺലൈനായും നടത്തി.



ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ, അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു. ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം പ്രതിനിധികളും ബാങ്ക് മാനേജ്മെന്റ് പ്രതിനിധികളും പങ്കെടുക്കന്നു.



വിഷയം അവതരിപ്പിച്ച് സംസാരിക്കുന്ന ഡെ. ജനറൽ സെക്രട്ടറി മാത്യു അടക്കമുണ്ടയ്ക്കൽ വിഷയം അവതരിപ്പിച്ച് സംസാരിക്കുന്നു.

---

കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് ഡെ. ജനറൽ മനേജർ ശ്രീ. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു. ബാങ്കിന്റെ ഭാഗത്തുനിന്ന് ചീഫ് മാനേജർ (എച്ച്. ആർ.) കോശി മാത്യുവും ഡെപ്യൂട്ടി മാനേജർ എച്ച്.ആർ. അജിത് ലാലും ഉണ്ടായിരുന്നു . കൂടാതെ എല്ലാ റീജിയണൽ മാനേജർമാരും ബിജേഷ്, റീജിയണൽ മാനേജർ-1, ഡോ.അനിത. റീജിയണൽ മാനേജർ-2 ജൂഡ് തേറാട്ടിൽ, റീജിയണൽ മാനേജർ-3 ജഗദീഷ് റീജിയണൽ മാനേജർ-,4, അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു.

നമ്മുടെ സംഘടനയെ പ്രതിനിധികരിച്ചുകൊണ്ടു ഡെ. ജനറൽ സെക്രട്ടറി മാത്യു അടക്കമുണ്ടയ്ക്കൽ, കോട്ടയം ജില്ലാ ജോയിന്റ് സെക്രട്ടറി പുഷ്കരൻ എംപി., കോട്ടയം ജില്ല അംഗം റിട്ട. എജിഎം എംജെ ജെയിംസ്, ആലപ്പുഴ ജില്ലാ സെക്രട്ടറി ജയ പ്രകാശ് എ.ജി., ആലപ്പുഴ ജോയിന്റ് സെക്രട്ടറി കെ.കെ ഉമാപതി, ജില്ല ട്രഷറാർ വി.കെ.ഫിലിപ്പ് എന്നിവർ ആലപ്പുഴ ആർബിഒയിൽ നിന്നുള്ള വിസിയിലും ജില്ലാ വൈസ് പ്രസിഡന്റ്,ശ്രീ തോമസ് പി മാത്യു മാവേലിക്കര ആർബിഒയിൽ നിന്ന് വീഡിയോ കോൺഫെറൻസ് വഴി പങ്കെടുത്തു .



എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ എസ്.ബി.ഐ. മാനേജ്മെന്റ് കോട്ടയം പ്രതിനിധികളും ആലപ്പുഴ മാവേലിക്കര, പാല റിജിയണൽ ഓഫീസ് പ്രതിനിധികളും വീഡിയൊ കൊൺഫെറൻസ് വഴി ചർച്ചയിൽ പങ്കെടുക്കന്നു.

## ബാങ്കിംഗ്

## സഞ്ചരിക്കുന്ന ഓക്സിജൻ ജനറേറ്ററുൾപ്പെടെ സിഎസ്ആർ പ്രവർത്തനങ്ങളുമായി എസ്.ബി.ഐ.

കേരളത്തിൽ ആദ്യമായി സഞ്ചരിക്കുന്ന ഓക്സിജൻ ജനറേറ്റർ ''ഓക്സിജൻ ഓൺ വീൽസ്'', സർക്കാരിന് സംഭാവനയായി നല്കി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. തൃശ്ശൂർ ജില്ലക്കു വേണ്ടിയുള്ള ഈ മൊബൈൽ ജനറേറ്ററിന്റെ അനുമതിപത്രം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം സർക്കിൾ ചീഫ് ജനറൽ മാനേജർ ശ്രീകാന്ത് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. വിദ്യാകിരണം പദ്ധതിയിലേക്ക് 100 ലാപ്പുടോപ്പുകളും ആദ്യ ഗഡുവായി ബാങ്ക് നൽകി. .. തിരുവനന്തപുരം മെഡിക്കൽ കോളേജ് , പാലക്കാട് മെഡിക്കൽ കോളേജ്, കെ.എസ്.ആർ.ടി.സി. എന്നിവയ്ക്ക് സംഭാവനയായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന അത്യാധുനിക സംവിധാനമുള്ള മൂന്ന് ആംബുലൻസുകളും പിണറായി വിജയൻ ഫ്ലാഗ് ഓഫ് ചെയ്തു . 10 വെൻറിലേറ്ററുകൾ , 5 ഓക്സിജൻ കോൺസെന്ട്രേറ്ററുകൾ എന്നിവയും ബാങ്ക് സംഭാവന നൽകി. എസ്ബിഐ ഫൗണ്ടേഷന്റെയും എസ്.ബി.ഐ.

സി.എസ് . ആർ . വിഭാഗത്തിന്റെയും നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടന്നത്

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# ബാങ്ക് ലോക്കറുകൾക്ക് പുതിയ റിസർവ്ബാങ്ക് മാനദണ്ഡങ്ങൾ



ബാങ്കിംഗ്, സാങ്കേതികവിദ്യ, ഉപഭോക്തൃ പരാതികളുടെ സ്വഭാവം, ബാങ്കുകളിൽ നിന്നും ഇന്ത്യൻ ബാങ്ക് അസോസിയേഷനിൽ നിന്നും ലഭിക്കുന്ന ഫീഡ്ബാക്ക് എന്നിവയും കണക്കിലെടുത്ത് ബാങ്കുകൾ നൽകുന്ന സേഫ് ഡെപ്പോസിറ്റ് ലോക്കർ/സേഫ് കസ്റ്റഡി ആർട്ടിക്കിൾ സൗകര്യം അവലോകനം ചെയ്തതായി ആർബിഐ അറിയിച്ചു. തീ പിടുത്തം, മോഷണം, കെട്ടിടം തകർച്ച അല്ലെങ്കിൽ ബാങ്ക് ജീവനക്കാരുടെ വഞ്ചന എന്നിവ മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് ബാങ്കുകളുടെ നഷ്ടപരിഹാരം വാർഷിക വാടകയുടെ 100 ഇരട്ടിയായി പരിമിതപ്പെടുത്തും. 2022 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബാങ്കുകൾ ഒരു ക്ലോസ്, നിയമവിരുദ്ധമോ അപകടകരമോ ആയ എന്തെങ്കിലും ലോക്കറുകളിൽ സൂക്ഷിക്കുന്നതിൽ നിന്ന് വാടകക്കാരനെ തടയുന്ന ലോക്കർ കരാർ, ഉൾപ്പെടുത്തേണ്ടതുണ്ട്.

# തട്ടിപ്പായി തരംതിരിച്ച കിട്ടാക്കടം എ.ആർ.സി.കൾക്ക്

ബാങ്കുകളിൽ തട്ടിപ്പായി തരംതിരിച്ച വായ്പകളും കിട്ടാക്കടവും ആസ്തി പുനർനിർമാണ കമ്പനികൾക്ക് (എ.ആർ.സി.) കൈമാറാൻ റിസർവ് ബാങ്ക് അനുമതി നൽകി. . ഇത്തരം വായ്പകൾ ക്കൊപ്പം ആർ. ബി.ഐ. യെ അവയുടെ പുരോ ഗതി അറിയിക്കൽ , നിരീക്ഷണം , അന്വേഷണ ഏജൻസികൾക്കു പരാതി നൽകൽ തുടങ്ങി ബന്ധപ്പെട്ട എല്ലാ ഉത്തരവാദിത്വങ്ങളും എ.ആർ.സി. കളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമെന്നും ആർ.ബി.ഐ.യുടെ മാർഗനിർദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്

## ഓഹരി വിപണിയിൽ മുന്നേറ്റം

# 60000 കടന്ന് സെൻസെക്സ്, 18000 കടന്ന് നിഫ്റ്റി

ഓഹരി വിപണിയിൽ തുടർച്ചയായി മുന്നേറ്റം. ബോംബെ ഓഹരി സൂചികയായ സെൻസെക്സ് ആദ്യമായി 60.154.13 പോയിന്റ് വരെയും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സൂചികയായ നിഫ്റ്റി 18,314.70 പോയിന്റ് വരെയും ഉയർന്ന് പുതിയ റെക്കോർഡിട്ടു. എന്നാൽ ഈ നേട്ടം തുടർന്ന് നിലനിർത്താനായില്ല.

# ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം 2020ന്റെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്ത് ഹർജികൾ

രാജ്യത്തെ ഒന്നിലധികം ഹൈക്കോടതികൾ **(HCs)** ബാങ്കിംഗ് റെഗുലേഷൻ ആക്റ്റ് (ഭേദഗതി) നിയമം **2020-**ന്റെ ഭരണഘടനാപരമായ സാധുതക്കെതിരെയുള്ള ഹർജികൾ ഒരേസമയം അംഗീകരിച്ചു,



കൂടാതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) 2021ജൂൺ **5** ന് ഇറക്കിയ സർക്കുലറും നടപ്പാക്കുന്നത് തടഞ്ഞു. അർബൻ സഹകരണ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടർ (എംഡി), മുഴുവൻ സമയ ഡയറക്ടർ **(WTD)** നിയമനം അടക്കമുള്ള നിരവധി വ്യവസ്ഥകൾ നിർദ്ദേശിച്ചുള്ളതായിരുന്നു വിവാദ സർക്കുലർ.

# ഓഫ് ലൈൻ ഡെബിറ്റ് കാർഡ്

ഓഫ് ലൈൻ ഡെബിറ്റ് കാർഡ് വഴി ഇനി ഓഫ് ലൈനായി പണമിടപാടു നടത്താൻ അവസരമൊരുങ്ങുന്നു. ഇതിനായി പ്രൂഫ് ഓഫ് കോൺസെപ്റ്റ് ( പി.ഒ.സി. ) സാങ്കേതികവിദ്യക്ക് വിസാ കാർഡുമായി സഹകരിച്ച് ബെംഗളൂരു ആസ്ഥാനമായ ഇന്നോവിറ്റി കമ്പനി തുടക്കം കു റിച്ചു. യെസ് ബാങ്കിൻെറയും ആക്സിസ് ബാങ്കിൻെറയും പങ്കാളിത്തത്താടെയാണ് പുതിയ സാങ്കേതികവിദ്യ പ്രാവർത്തികമാക്കുന്നത് .



ഇൻറർനെറ്റ് ലഭ്യത കു റവുള്ള ഗ്രാമങ്ങളിൽ ഡിജി റ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കാൻ ഇത് സഹായിക്കുമെന്ന് കമ്പനി അധികൃതർ വ്യ ത്തമാക്കി .

## പണമിടപാട് എങ്ങനെ ?

ബാങ്കിൽ നിന്ന് ലഭിക്കുന്ന ചിപ്പ് അധിഷ്ഠിത വിസ ഡെബിറ്റ് , ക്രെഡിറ്റ് , പ്രീപെയ്ഡ് കാർഡുകൾ വഴി പണമിടപാട് നട ത്താം . അക്കൗണ്ടിൽ പണം വേണം. ഒരു തവണ പണമിടപാട് നടത്താനുള്ള പരിധി 200 രൂപ. ആർ.ബി.ഐ. നിർദേശമനുസരിച്ച് ദിവസേന പരമാവധി 2000 രൂപയുടെ പണമിടപാടാണ് സാധിക്കുക .

# വിദേശനാണ്യ കരുതൽ ശേഖരം 64,245 കോടി ഡോളറിൽ

വിദേശനാണ്യ കരുതൽ ശേഖരം 64,245 കോടി ഡോളറിൽ. തുടർച്ചയായ രണ്ടാം ആഴ്ചയിലും രാജ്യത്തെ വിദേശ നാണ്യ കരുതൽ ശേഖരത്തിൽ വർധന . സെപ്റ്റംബർ മൂന്നിന് അവസാനിച്ച ആഴ്ചയിൽ 889.5 കോടി ഡോളറിന്റെ വർധനയുമായി കരു തൽ ശേഖരം 64,245.3 കോടി ഡോളറി ലെത്തി പുതിയ ഉയരം കുറിച്ചു .

ഈയാഴ്ച വിദേശ കറൻസികളിലുള്ള ആസ്തികളാണ് മുഖ്യമായും കൂടിയത് . 821.3 കോടി ഡോളറിൻ വർധനയോടെ വിദേശ കറൻസി ആസ്തികളുടെ മൂല്യം 57,981.3 കോടി ഡോളറായി . യൂറോ , പൗണ്ട് , യെൻ കറൻസി കൾ ഉൾപ്പെടെയാണിത് . സ്വർണ ശേഖരത്തിൽ 64.2 കോടി ഡോളറിന്റെ വർധന രേഖപ്പെടുത്തി.



# മൊത്തവില പണപ്പെരുപ്പം 11.39 ശതമാനമായി ഉയർന്നു



മൊത്തവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ പണപ്പെരുപ്പനിരക്ക് ജൂലായിലെ 11.16 ശതമാനത്തിൽനിന്ന് ഓഗസ്റ്റിൽ 11.30 ശതമാനമായി ഉയർന്നു . ഭക്ഷ്യേതര ഉത്പ ന്നങ്ങളുടെയും ധാതുഎണ്ണകളുടെയും വിലവർധനയാണ് മൊത്തവില പണപ്പെരുപ്പം ഉയരാനിടയാക്കിയത്. തുടർച്ചയായ രണ്ടുമാസം പണപ്പെരുപ്പം കുറഞ്ഞ ശേഷ മാണ് വർധന. തുടർച്ചയായ അഞ്ചാം മാസമാണ് മൊത്തവില പണപ്പെരുപ്പം രണ്ടക്കത്തിൽ തുടരുന്നത്. അതേസമയം , റി സർവ് ബാങ്ക് പണവായ്പ്പാ നയത്തിന് അടിസ്ഥാനമാക്കുന്ന ചില്ലാ വിലയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം ഓഗസ്റ്റിൽ 6.30 ശതമാനമായി കുറഞ്ഞിരുന്നു .

# എവർഗ്രാൻഡെ പ്രതിസന്ധി



ചൈനയിലെ ഏറ്റവുംവലിയ രണ്ടാമത്തെ റിയൽ എസ്റ്റേറ്റ് കമ്പനിയായ എവർഗ്രാൻഡെയിലെ സാമ്പത്തിക പ്രതിസന്ധി ബ്രിട്ടൻ ആസ്ഥാനമായുള്ള എച്ച്.എസ്.ബി.സി.യിലും സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കുകളുടെ ലാഭത്തിലും ആഘാതമുണ്ടാക്കുമെന്ന് ജെ.പി. മോർഗൻ റിസർച്ച് റിപ്പോർട്ട്. എവർഗ്രാൻഡെയ്ക്ക് നേരിട്ടുള്ള വായ്പകൾ കുറവാണെന്ന് ഇരുബാങ്കുകളും അവകാശപ്പെടുന്നുണ്ടെങ്കി ലും ഇവർക്ക് ചൈനയിലെ റിയൽ എസ്റ്റേറ്റ് മേഖലയിലെ വായ്പകളിലുള്ള ശക്തമായ സാന്നിധ്യം തിരിച്ചടിയാകുമെ ന്നാണ് ജെ.പി. മോർഗൻ റിസർച്ച് റിപ്പോർട്ട് സൂചിപ്പി ക്കുന്നത്.

## കഥ ഇതുവരെ

ചൈനീസ് റിയൽ എസ്റ്റേറ്റ് കമ്പനിയായ എവർഗ്രാണ്ടെ ഗ്രൂപ്പ് അതിന്റെ വലിയ കടബാധ്യതകൾക്ക് പലിശ അടയ്ക്കാൻ കഴിയാത്തതിൽ അടുത്തിടെ വാർത്തകളിൽ ഇടം നേടി.




കമ്പനി അടുത്തിടെ പലിശ അടയ്ക്കുന്നതിൽ വീഴ്ച വരുത്തി, കൂടുതൽ സമയപരിധികൾ നഷ്ടപ്പെടുവാൻ പോകുകയാണ്.കമ്പനി പാപ്പരാണെന്ന് പലരും ഭയപ്പെടുന്നു, അതിന്റെ ഓഹരി വില കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 80% ൽ കൂടുതൽ കുറയുകയും 10 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലെത്തുകയും ചെയ്തു.

## എവർഗ്രാൻഡെയിലെ പ്രശ്നം എന്താണ്?

മൊത്തം വിൽപ്പനയുടെ കാര്യത്തിൽ ചൈനയിലെ രണ്ടാമത്തെ വലിയ റിയൽ എസ്റ്റേറ്റ് കമ്പനിയാണ് എവർഗ്രാൻഡെ ഗ്രൂപ്പ്. കൂടാതെ 200,000 ജീവനക്കാർ ജോലി ചെയ്യുന്നു. അതിന്റെ പ്രധാന ബിസിനസ്സ് വലിയ അളവിൽ ഭൂമി വാങ്ങുകയും അവ വീടുകളായും റെസ്റ്റോറന്റുകളായും വികസിപ്പിക്കുകയും വാങ്ങുവാൻ താൽപ്പര്യമുള്ളവർക്ക് വിൽക്കുകയും ചെയ്യുന്നു. കമ്പനി അതിന്റെ ബിസിനസിന് ബാങ്കുകളിൽ നിന്നും നിക്ഷേപകരിൽ നിന്നും വലിയ അളവിലുള്ള കടങ്ങളും വിതരണക്കാർക്കും പ്രോപ്പർട്ടി വാങ്ങുന്നവർക്കും നൽകുന്ന ഹ്രസ്വകാല വായ്പകളും ധനസഹായം നൽകുന്നു. ഇതിന് 300 ബില്യൺ ഡോളറിലധികം മൂല്യമുള്ള മൊത്തം ബാധ്യതകളുണ്ട്, അടുത്ത ഒരു വർഷത്തിനുള്ളിൽ ഏകദേശം 37 ബില്യൺ പലിശയും പക്വതയുള്ള കടവും നൽകേണ്ടിവരും. കമ്പനിയുടെ ബോണ്ടുകൾ ഫിച്ച്, എസ് & പി പോലുള്ള റേറ്റിംഗ് ഏജൻസികൾ തരംതാഴ്ത്തി

# തിരുവനന്തപുരം ജില്ലാക്കമ്മറ്റി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാക്കമ്മറ്റി യോഗം 2021 സെപ്റ്റംബർ 1-ാം തിയതി പകൽ 11 മണിക്ക് പ്രൊഫ.എൻ കൃഷ്ണപിള്ള ഫൗണ്ടേഷൻ ഹാളിൽ വച്ച് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. നിശബ്ദ പ്രാർത്ഥനയ്ക്കു ശേഷം ഇക്കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ അംഗം കെ. ഹരികൃഷ്ണൻ (LM .4176), സ്റ്റാഫ് യൂണിയൻ മുൻ പ്രസിഡന്റ് എൻ.കോമളദാസ്, നമ്മുടെ അംഗമായ പ്രീത.സി.യു ടെ സഹോദരൻ പ്രദീപ് സി. എന്നിവരുടെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു.



### ഭരണ സമിതി യോഗത്തിൽ പങ്കെടുത്തവരുടെ ദൃശ്യം

ജോയിന്റ് സെക്രട്ടറി ശ്രീ.ജി.മധു കുമാർ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീ.എ.ആർ സോമനാഥൻ പിള്ളയുടെ അദ്ധ്യക്ഷപ്രസംഗത്തിനു ശേഷം ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ ഓൺലൈനിലൂടെ അഭിസംബോധന ചെയ്യുകയും, തിരുവനന്തപുരം ജില്ലാക്കമ്മററിയുടെ 312 പേജുള്ള കളർ ഡയറകട റിയുടെ പ്രകാശനം നിർവഹിക്കുകയും ചെയ്തു.



ജില്ലാ പ്രസിഡന്റ് ശ്രീ.എ.ആർ സോമനാഥൻ പിള്ള മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന ശ്രീ.ജോൺ ജോസഫിന് ഡയറകടറിയുടെ ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനം നിർവഹിക്കുന്നു.

ശ്രീ.ജയകമാറിനു വേണ്ടി ജില്ലാ പ്രസിഡന്റ് ശ്രീ.എ.ആർ സോമനാഥൻ പിള്ള ഡയറക്ടറിയുടെ ഒരു കോപ്പി തിരുവനന്തപുരം ജില്ലയുടെ രക്ഷാധികാരിയും സംഘടനയുടെ മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന ശ്രീ.ജോൺ ജോസഫിന് നൽകിക്കൊണ്ട് നിർവഹിച്ചു.തുടർന്ന് ജില്ലാ സെക്രട്ടറി ശ്രീ.ജോസഫ് .വി .എൽ .കഴിഞ്ഞ കമ്മറ്റിയുടെ മിനിട്സ് അവതരിപ്പിച്ചു, മററു സംഘടനാ തല കാര്യങ്ങളും റിപ്പോർട്ടു ചെയ്തു.



ജില്ലാ സെക്രട്ടറി ശ്രീ.ജോസഫ് .വി എൽ

രക്ഷാധികാരി ശ്രീ.ജോൺ ജോസഫ് ഈ പ്രതികൂല സാഹചര്യത്തിലും നല്ല പ്രവർത്തനം കാഴ്ചവച്ച ജില്ലാ കമ്മറ്റിയെ അഭിനന്ദിച്ചു.

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ .M S അയ്യർ , ട്രഷറർ ശ്രീ.എസ്സ്. രാധാകൃഷണൻ ,ജോയന്റ് സെക്രട്ടറി ശ്രീ.മധുകുമാർ മററു കമ്മറ്റി അംഗങ്ങൾ എല്ലാവരും സംസാരിച്ചു.

എല്ലാവരും ഇത്രയും നല്ല രീതിയിൽ പ്രത്യേകിച്ച് കൊറോണ കാലഘട്ടത്തിൽ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ സന്തോഷം രേഖപ്പെടുത്തി. ഇത് ക്രോഡീകരിക്കാൻ അക്ഷീണം പ്രയത്നിച്ച പ്രസിഡന്റ് ശ്രീ.എ.ആർ സോമനാഥൻപിള്ള ,സ്പോൺസർമാരെ കണ്ടു പിടിക്കാൻ പ്രയത്നിച്ച AGS ശ്രീ.രാജചന്ദ്രൻ നായർ നേതൃത്വം നൽകിയ ജില്ലാ സെക്രട്ടറി ജോസഫ്. വി.എൽ. ,കമ്മറ്റി അംഗങ്ങൾ സംഭാവനകൾ തന്നു സഹായിച്ച അംഗങ്ങൾ

എല്ലാവർക്കും പ്രത്യേകം അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തി.

മററു സംഘടനാ കാര്യങ്ങൾ എല്ലാം ചർച്ച ചെയ്ത് യോഗം 12.30 മണിക്ക് ട്രഷറർ ശ്രീ.എസ്സ്.രാധാകൃഷ്ണ ന്റെ നന്ദി പ്രകാശനത്തോടു കൂടി അവസാനിച്ചു.

## കണ്ണൂർ ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗം

എസ്ബിഐ പിഎ (കെ) കണ്ണൂർ ജില്ലാ യൂണിറ്റ് 2021 സെപ്റ്റംബർ 1 ന് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് നടത്തി. യോഗം രാവിലെ 10.15 ന് ആരംഭിച്ചു. **ഇക്കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞു** പോയ അംഗങ്ങളായ ടി കെ മോഹൻദാസ്, പി പി ദയാനന്ദൻ, കെ സ്വാമിനാഥൻ, കെ കെ ശ്രീനിവാസൻ എപി രവി, എൻ. കോമളദാസ്, ഒളിമ്പ്യൻ ചന്ദ്രശേഖർ എന്നിവരെ ആദരിച്ചു **ആദരാഞ്ജലികൾ അർപ്പിച്ചു.** രണ്ട് മിനിറ്റ് മൗനം ആചരിച്ചു.ജില്ല. പ്രസിഡന്റ് ശ്രീ. എം.പി സേതുരത്നം യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു,. ശ്രീ കെ കെ നാരായണൻ, ജില്ല. സെക്രട്ടറി, പങ്കെടുത്തവരെ സ്വാഗതം ചെയ്തു.



ശ്രീ കെ കെ നാരായണൻ, ജില്ല. സെക്രട്ടറി,

സേതുരത്ന ത്തിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനു ശേഷം ജില്ലാ സെക്രട്ടറി ജില്ലാ യൂണിറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം ജില്ലാ സെക്രട്ടറിയുടെ റിപ്പോർട്ടും മിനിറ്റുകളും ഏകകണ്ഠമായി അംഗീകരിച്ചു.



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസ് മാർസെലിൻ

പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസ് മാർസെലിൻ അംഗങ്ങൾക്ക് കുടുംബ പെൻഷൻ പുതുക്കൽ, ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഘടനാപരമായ കൂടിക്കാഴ്ച,, അസോസിയേഷനായി ഓഫീസ് സ്ഥലം അനുവദിക്കൽ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. സേതുമാധവൻ നായർ മെമ്പർഷിപ്പ് ഡ്രൈവ് കാമ്പെയ്നിലെ പുരോഗതിയെക്കുറിച്ചും, കാസർകോട് മലപ്പുറം, വയനാട് പുതിയ ഡിസ്പെൻസറികൾ തുറക്കുന്നതിനെക്കുറിച്ചും സംസാരിച്ചു ശ്രീ രാമനാരായണൻ കുടുംബ പെൻഷന്റെ പുതിയ പരിഷ്ക്കരണത്തെക്കുറിച്ചും മിനിമം പെൻഷൻ നിശ്ചയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു. പുതിയ അംഗം എ.രാഘവൻ കുടുംബ പെൻഷന്റെ പരിഷ്ക്കരണത്തെക്കുറിച്ച് തന്റെ സന്തോഷം പങ്കുവെച്ചു. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് UFBU എടുത്ത ശ്രമങ്ങൾ പരാമർശിച്ചു, പെൻഷൻ നൽകുന്ന ശാഖകളിൽ പെൻഷൻ പേയ്മെന്റ് ഓർഡറുകൾക്ക് ശരിയായ കസ്റ്റഡി ഉറപ്പാക്കാനുള്ള നടപടികളും അദ്ദേഹം നിർദ്ദേശിച്ചു. തുടർന്ന് നടന്ന ചർച്ചകളിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു താഴെപ്പറയുന്ന പ്രമേയങ്ങൾ പാസാക്കാനും സംസ്ഥാന കമ്മിറ്റിക്ക് അപ്പീൽ നൽകാനും യോഗം ഏകകണ്ഠമായി തീരുമാനിച്ചു.

1) എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന്റെ ഈ യോഗം എസ്ബിഐ മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നു:

i) 01/04/2021 ലെ പുതുക്കിയ കുടുംബ പെൻഷൻ നിലവിലുള്ള പെൻഷനേക്കാൾ കുറവാണെങ്കിൽ, പെൻഷൻ വാങ്ങുന്ന യാൾക്ക് പ്രതികൂലമായ രീതിയിൽ പെൻഷൻ പുതുക്കില്ല എന്നതിന് എസ്ബിഐ പെൻഷൻ നിയമങ്ങളിൽ അനുയോജ്യ മായ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന്

ii) കുടുംബ പെൻഷനിൽ നിന്നും കമ്മ്യൂട്ടേഷൻ തുക കുറയ്ക്കുന്നതിനുള്ള നിലവിലുള്ള സമ്പ്രദായം നിർത്തുക,

iii) മറ്റ് PSB കൾക്ക് അനുസൃതമായി 5 വർഷത്തിനുപകരം 7 വർഷം വരെ വർദ്ധിപ്പിച്ച കുടുംബ പെൻഷൻ നൽകുന്നതിന്

2) i) എസ്ബിപിഎ (കെ) യുടെ ഈ യോഗം പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള നിർദ്ദേശം പുന:പരിശോധിക്കണമെന്നും പൊതുജനങ്ങളുടെ താൽപര്യത്തിനും പെൻഷൻകാരുടെ ഭാവിക്കും ഹാനികരമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനയും, പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുന്നു. നമ്മുടെ രാജ്യത്തെ രക്ഷിക്കുന്നതിനായി പൊതുമേഖലയെ സംരക്ഷിക്കാനും ശക്തിപ്പെടുത്താനും ഞങ്ങൾ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ii) ആർബിഐ പെൻഷന് സമാനമായ പൊതുമേഖലാ ബാങ്കുകളിലെ പെൻഷന്റെ പരിഷ്കരണം . സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

തുടർന്ന് **എം.കൃഷ്ണൻ, ജില്ലാ ട്രഷറർ** കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം 12.30 മണിയോടെ അവസാനിച്ചു.

## സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ

## കൊല്ലം ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം

കൊല്ലം ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം സെപ്റ്റംബർ 4–ാം തിയതി ശനിയാഴ്ച **3 PM** മുതൽ **5.30 PM** വരെ നടത്തി. ശ്രീ. രാമകൃഷ്ണപിള്ള, (AGS) അംഗങ്ങളെ സ്വാഗതം ചെയ്തു. പ്രസിഡന്റ് ഗോപുകുമാർ അദ്ധ്യക്ഷപ്രസംഗത്തിൽ സംഘടനാ കാര്യങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു.

'ചാരിറ്റബിൾ നിധി' കഴിഞ്ഞ മാസം മുതൽ നല്ല തുടക്കമായിരുന്നുവെന്നും 60 അംഗങ്ങൾ ഇതിനകം തന്നെ ചേർന്നതായും അദ്ദേഹം വെളിപ്പെടുത്തി. ജില്ലാ സെക്രട്ടറി ശ്രീ. ടി.പുരുഷോത്തമൻ പിള്ള റിപ്പോർട്ട് അവതരിപ്പിച്ചു ഏകകണ്ഠമായി അംഗീകരിക്കപ്പെട്ടു.



ജില്ലാ സെക്രട്ടറി ശ്രീ. ടി.പുരുഷോത്തമൻ പിള്ള

2021 ജനുവരി മുതൽ ഓഗസ്റ്റ് വരെ വിരമിച്ച എല്ലാവരും അംഗത്വം എടുത്തിരുന്നു .

പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഗണപതി കൃഷ്ണൻ കൊല്ലത്ത് 26.8.21 ന് അഡ്മിനിസ്ട്രേറ്റിവ് ഒഫീസിൽ നടന്ന ഘടനാപരമായ കൂടിക്കാഴ്ചയെക്കുറിച്ച് വിശദമായി സംസാരിച്ചു,



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഗണപതി കൃഷ്ണൻ

"ചാരിറ്റബിൾ നിധി" നല്ല തുടക്കമായി. ആവശ്യക്കാരായ അംഗങ്ങളെ ബെനവലന്റ് ഫണ്ട് വഴി സാമ്പത്തികമായി സഹായിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. 11.9.21 ന് നടക്കുന്ന സംസ്ഥാന കമ്മിറ്റിയെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. മേൽപ്പറഞ്ഞ എല്ലാ വിഷയങ്ങളെക്കുറിച്ചും വളരെ വിശദമായി ചർച്ച ചെയ്തു, യോഗം അസിസ്റ്റന്റ് സെക്രട്ടറി യൂസഫിന്റെ നന്ദി പ്രകാശനത്തോടെ 5.30 മണിയോടെ അവസാനിച്ചു.

# മലപ്പുറം ജില്ലാ ഭരണസമിതി യോഗം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസ്സിയേഷന്റെ മലപ്പുറം ജില്ലാ ഘടകത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2021 സെപ്റ്റംബർ 9–ാം തിയതി വ്യാഴാഴ്ച ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ രാവിലെ 10:45 നടന്നു. 14 അംഗങ്ങൾ പങ്കെടുത്തു.



മലപ്പുറം ജില്ലാ ഘടകത്തിന്റെ വാർഷിക ഭരണസമിതി യോഗത്തിൽ പങ്കെടുത്ത പ്രവർത്തകരുടെ ദൃശ്യം

ജില്ലാ പ്രസിഡന്റ് ശ്രീ വി അശോക് കുമാർ അധ്യക്ഷനായി. ശ്രീ യു എ കബീറിന്റെ സ്വാഗത പ്രസംഗത്തിന് ശേഷം, കഴിഞ്ഞ കൂടിക്കാഴ്ചയ്ക്ക് ശേഷം അന്തരിച്ച അംഗങ്ങളെ അനുസ്മരിച്ച് യോഗം ഒരു മിനിറ്റ് മൗനം ആചരിച്ചു. ജില്ലാ പ്രസിഡന്റ് തന്റെ ഉപക്രമ പ്രസംഗത്തിൽ ജില്ലയ്ക്കായി ബാങ്കിന്റെ ക്ലിനിക് അനുവദിക്കുന്നതിനെക്കുറിച്ച് ഹ്രസ്വമായി പരാമർശിച്ചു.

പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസ് മാർസെലിൻ കുടുംബ പെൻഷൻ വർദ്ധനവിനെക്കുറിച്ച് വിശദമായി സംസാരിച്ചു. വളരെക്കാലമായി നിലനിൽക്കുന്ന പെൻഷൻ അപ്ഡേഷൻ വളരെ കാലതാമസമില്ലാതെ ചെയ്യുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. 30% കുടുംബ പെൻഷൻ കണക്കാക്കുമ്പോൾ, കുറഞ്ഞ പെൻഷൻ സംരക്ഷിക്കപ്പെടുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു. നിലവിൽ എ.ഒ.യിൽ മെഡിക്കൽ ബില്ലുകളൊന്നും തീർപ്പാകാതെ കെട്ടിക്കിടക്കുന്നില്ല. നിർണായകമായ ഗുരുതര രോഗം (ക്രിട്ടിക്കൽ ഇൽനെസ്സ്) നെക്കുറിച്ചുള്ള ബാങ്കിന്റെ പുതിയ സർക്കുലർ നിർദ്ദേശത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. എജിഎസ് ശ്രീ സേതുമാധവൻ നായർ ഭരണസമിതി യോഗം കൂടുതൽ തവണ നടത്താനുള്ള നിർദ്ദേശം നൽകി. എസ്ബി ഐ. മെഡിക്കൽ ഇൻഷുറൻസ് കീഴിൽ കൂടുതൽ അംഗീകൃത ഹോസ്പ്പിറ്റലുകൾ കൊണ്ടുവരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സി. വേലായുധൻ കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ സെപ്റ്റംബർ മാസത്തിലെ ഭരണ സമിതി യോഗം 2021 സെപ്റ്റംബർ മാസം 10–ാം തിയതി വെള്ളിയാഴ്ച പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. വി.കെ.പ്രഭാകരൻ
6. പി.ഉണ്ണിക്കുഞ്ഞ്

7. കെ.എൻ.വിശ്വനാഥൻ നായർ
8. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
9. എൻ.സി.മാത്യു
10. ശ്രീമതി.റൈസാ ബീഗം
11. ശ്രീമതി.ആച്ചിയമ്മ എബ്രഹാം

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു. സംഘത്തിന്റെ വളർച്ച, ലാഭ വിഹിതം വിതരണം ചെയ്യാൻ കഴിഞ്ഞത് തുടങ്ങിയ കാര്യക്ഷമമായ പ്രവർത്തനങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു.

അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിൽ 2020–21 കാലഘട്ടത്തിന്റെ ഓഡിറ്റ് നടന്ന് വരികയാണെന്ന് അറിയിച്ചു. കൂടാതെ കഴിഞ്ഞ 2 വർഷത്തെ ലാഭ വിഹിതം എല്ലാ ഓഹരിയുടമകൾക്കും ഓഹരിയെടുത്ത ശേഷം ഒരു വർഷം തികഞ്ഞവർക്ക് ഓഹരി ഒന്നുക്ക് 15 രൂപ വച്ചും അല്ലാത്തവർക്ക് 5 രൂപായ്ക്ക് മുകളിൽവരുന്ന സംഖ്യ എത്രയായാലും അത് അക്കൗണ്ടുകളിൽ അടച്ചിട്ടുള്ളതായും അറിയിച്ചു. സംഘത്തിന്റെ വളർച്ച ക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതിയ ജി.ഡി.സി.എസ്.,വായ്പ്പകൾ എന്നിവ തുടങ്ങുന്നത് കൂടാതെ സുരക്ഷിതമായ ഇൻവെസ്റ്റ്മെന്റുകൾ കൂടി യോഗം ആലോചിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

**കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗത്തിൽ അവതരിപ്പിച്ചു.**

**അസിസ്റ്റന്റ് സെക്രട്ടറി ചുമതലയിലുള്ള ഭരണസമിതിയംഗം ശ്രീമതി.ത്രേസ്യാമ്മ ആന്റണി മാസാന്ത്യ കണക്കുകൾ അവതരിപ്പിച്ചു.**



ശ്രീമതി.ത്രേസ്യാമ്മ ആന്റണി

**ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.**

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2021 സെപ്റ്റംബർ മാസത്തിലെ നറുക്കെടുപ്പ് 12–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരുവിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി – വട്ടമെത്തി**
3. **50,000 രൂപായുടെ കുറി – വട്ടമെത്തി**
4. **100,000 രൂപായുടെ കുറി – വട്ടമെത്തി**
5. **100,000 രൂപായുടെ കുറി –** വട്ടമെത്തി
6. **100,000 രൂപായുടെ കുറി –(133) മറിയാമ്മ.പി.സി.**
7. 100,000 രൂപായുടെ കുറി –(159) **ശ്രീമതി.എൽസി ടോമി**
8. **100,000 രൂപായുടെ കുറി – (178)ശ്രീ മുരളീധരൻ.കെ.കെ**
9. **100,000 രൂപായുടെ കുറി –(218) ശ്രീ. സി.കെ.ജോസഫ്**
10. **100,000 രൂപായുടെ കുറി – (241) ശ്രീ ജോസഫ് ജെയിംസ്**
11. 100,000 രൂപായുടെ കുറി –(274) **ശ്രീ. രാജമോഹനൻ നായർ.പി.എസ്.**

നറുക്ക് ലഭിച്ചവർക്ക് 2021 ഒക്ടോബർ മാസം 8–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 8–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. **ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ** വിളിക്കുക. 94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള 4 "എ"ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ 4നും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി.**

**പുതിയ അംഗങ്ങൾ :–**

1. **ശ്രീ. ടോമി വർഗീസ് , തട്ടാരടിയിൽ,കറുകച്ചാൽ**
2. **ഉഷാ പ്രസാദ് നായർ , മതിലകത്ത്, പാക്കിൽ**
3. **തങ്കമ്മ.പി.പി. ഈശ്വരൻ തടത്തിൽ**
4. **ജോസ് ജോസഫ്, നെടിയാക്കൽ, കുര്യം കുറവിലങ്ങാട്**

**കൂടാതെ ശ്രീ. കെ.കെ.പാപ്പച്ചൻ കൂടുതലായി അപേക്ഷിച്ച 10 ഓഹരികളും അനുവദിച്ചു.,**

### സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന 3 പേർക്ക് 'സി' ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. **ശ്രീമതി.ത്രേസ്യാമ്മ കുര്യാക്കോസ്, തട്ടാരടിയിൽ, കറുകച്ചാൽ**
2. **ശ്രീമതി.ലീലാമ്മ ജോസ് ജോസഫ്, നെടിയാക്കൽ, കുര്യം, കുറവിലങ്ങാട്**
3. **ശ്രീമതി. ആനി ജോസഫ്, പുത്തൻ വീട്, ചെത്തിപ്പുഴ, ചീരഞ്ചിറ.പി.ഒ.**

## നവാഗതർക്ക് ഹൃദ്യമായ സ്വാഗതം!

## 12-ാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

**12-ാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. കൊവിഡ് മഹാമാരിയോടനുബന്ധിച്ച് വന്ന സർക്കാർ നിയന്ത്രണങ്ങൾ മൂലം പുതിയ അംഗങ്ങളെ നേരിട്ട് കണ്ട് ചേർത്ത് ഈ ജി.ഡി.സി.എസ് .ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.**

അതിനാൽ ജി.ഡി.സി. എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇനിയും 10 പേർ കൂടി ചേർന്നാൽ മതി.

# ഇൻകം ടാക്സ് ഹെൽപ് ഡെസ്ക്

**ആദായനികുതി സംബന്ധമായ സംശയങ്ങൾക്ക് , നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് കോട്ടയത്ത് നമ്മുടെ മെമ്പർമാരായ ശ്രീ പുന്നൂസ് .എസ്**



**ശ്രീ.പുന്നൂസ്.എസ്.**

**Mob No 9447364228**

**പാലായിൽ**



**ശ്രീ വികെ പ്രഭാകരൻ**

**Mob 94473 56444**

**ഇവരുടെ സൗജന്യ സേവനം ലഭ്യമാണ്**

**കൂടാതെ**

**ഇൻകം ടാക്സ് വിദഗ്ദ്ധൻ ശ്രീ അശോക് കുമാർ, കോഴ**

ഓഫീസ് കണക്കാരിയൽ MOB NOS /94464 76062/ 94962 15100

( പ്രവർത്തകർക്ക് ഫീസ് ഇളവ് നല്കും )




# കോവിഡ് കാലത്ത് ഒരു ആസ്ട്രേലിയൻ യാത്ര.



**കെ. എൻ.വിശ്വനാഥൻ നായർ**

2019 ഡിസംബർ 1. അന്നാണ് ഞാനും, ഭാര്യയും , ആസ്ട്രേലിയയിൽ ഉള്ള മകന്റെ കുഞ്ഞിനെ കാണുവാനായി യാത്ര പുറപ്പെടുന്നത്. അന്ന് കോവിഡ് എന്ന മഹാമാരിയെകുറിച്ച് ലോകം അറിഞ്ഞിരുന്നില്ല. അതിനാൽ യാതൊരു ആശങ്കകളും ഇല്ലാത്ത സന്തോഷകരമായ യാത്ര. എങ്കിലും കുമാരനല്ലൂർ ഓഫീസിനുമുമ്പിൽ കൂടി വാഹനം കടന്നുപോയപ്പോൾ മനസ്സിൽ ചെറിയ നൊമ്പരം അനുഭവപ്പെട്ടു - പെൻഷനേർസ് സുഹ്രുത്തുക്കളെ കുറച്ചു നാളത്തേക്കേക്ക് എങ്കിലും പിരിഞ്ഞ് കഴിയേണ്ടിവരുമല്ലോ എന്ന ചിന്ത കടന്നുവന്നു. കഴിയാവുന്നത്ര സുഹ്രുത്തുക്കളോടൊക്കെ യാത്ര പറഞ്ഞിരുന്നു.

രാത്രി 11.30 ന് നെടുമ്പാശ്ശേരിയിൽ നിന്നും വിമാനം പറന്നുയർന്നു. കുലാലംമ്പൂരിൽ ഒരു ചെറിയ ഒരു ബ്രേക്ക്. ഡിസംബർ 2 രാത്രി ആസ്ട്രേലിയൻ സമയം രാത്രി 9.30 ന് ( ഇന്ത്യൻ സമയവുമായി 5.30 മണിക്കൂർ മുമ്പിൽ ) വിമാനം താഴ്ന്നിറങ്ങി. ലാൻഡിങ്ങിന് തൊട്ടുമുമ്പുവരെ സൂര്യൻ അസ്തമിച്ചിരുന്നില്ല. അയതിനാൽ അകാശഭംഗിയൊക്കെ ആസ്വദിച്ച് മെൽബൺസിറ്റിയുടെ ദൂരെകാഴ്ചയും കണ്ട് മടുപ്പുതോന്നാതിരുന്ന യാത്ര അവസാനിച്ചു. പുറത്ത് നല്ല തണുത്ത കാറ്റ്, മോൻ കരുതിയിരുന്ന കോട്ടും ധരിച്ച് കുഞ്ഞിനെ കാണാനുള്ള തിരക്കിൽ വീട്ടിലേക്ക്. കുഞ്ഞിനെ കളിപ്പിച്ച്, ആഹാരവും കഴിച്ച് നേരത്തെ തന്നെ കിടന്നു, തലേദിവസത്തെ ഉറക്കം ബാക്കി ഉണ്ടായിരുന്നു.

നാട്ടിലെ ശീലം, രാവിലെ 5 മണിക്ക് തന്നെ ഉണർന്നു , പുറത്ത് വെളിച്ചം, 5.30 ന് സൂര്യൻ ഉദിച്ചിരിക്കുന്നു. വെളിയിൽ നല്ലതണുത്തകാറ്റ്, അതിനാൽ പ്രഭാതസവാരി ഉപേക്ഷിച്ചു. നടപ്പ് വൈകുന്നേരങ്ങളിൽ ആക്കി. അതിനും സ്വറ്ററിന്റെ സഹായം ആവശ്യം. പ്രകൃതിഭംഗി വിവരണാതീതം.

വളവും തിരിവുമില്ലാത്ത നിരപ്പായ റോഡുകൾ. തണൽ മരങ്ങൾ, നടപ്പാതകൾ എല്ലാം മനോഹരം.



ഇട റോഡുകളുടെ ഭംഗി

ഓരോ 500 മീറ്ററിലും ചെറുതും വലുതുമായ പാർക്കുകൾ, പാർക്കിൽ കുട്ടികൾക്കുള്ള സ്ലൈടും, ഊഞ്ഞാലുകളും, ഇരിക്കാൻ വൃത്തിയുള്ള ചാരുബഞ്ചുകളും, റോഡിനു നടപ്പാതകൾ, ഇരുവശങ്ങളിലും യൂക്കാലിപ്റ്റസും, പുഷ്പിക്കുന്നതുമായ മരങ്ങൾ. വീടുകൾക്കു മുമ്പിൽ വിവിധനിറങ്ങളിൽ വൈവിധ്യമാർന്ന വലുപ്പമുള്ള റോസപ്പൂക്കളും, മറ്റു പൂക്കളും. നമ്മുടെ മൂന്നാർ, ഊട്ടി ഒക്കെപോലെ. പാർക്കുകളിൽ കുട്ടികളുമായി എത്തുന്ന കുടുബാംഗങ്ങൾ, കാണുമ്പോൾ പരസ്പരബഹുമാനം പ്രകടിപ്പിക്കുന്നവർ, അതിൽതന്നെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഉള്ള ഇന്ത്യക്കാരുടെ സാന്നിദ്ധ്യവും.



തൊട്ടടുത്തുള്ള തടാകവും, കറുത്ത നിറത്തിലുള്ള അരയന്നവും കുഞ്ഞുങ്ങളും, താറാവുകളും

പാർക്കുകളിൽ നടപ്പാതകൾ, ബാക്കിസ്ഥലങ്ങളിൽ നന്നായി പരിപാലിച്ചിരിക്കുന്ന പുൽമേടുകളും, മരങ്ങളും. നടപ്പ് കഴിഞ്ഞ് തിരികെ വന്നപ്പോൾ സമയം 8.30. സൂര്യൻ അസ്തമിക്കുന്നതേയുള്ളൂ. എന്നും ഇങ്ങിനെയല്ല കേട്ടോ, അഞ്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ രാവിലെ 7 മണിക്ക് ഉദിക്കുകയും വൈകിട്ട് 5 മണിക്ക് അസ്തമിക്കുകയും ചെയ്യുന്ന പ്രതിഭാസം. വീണ്ടും ആറു മാസത്തിനുശേഷം ഉദയവും, അസ്തമനവും, പഴയ സമയങ്ങളിൽ.



അടുത്തുള്ള ഒരു ചെറിയ പാർക്ക്

റോഡുകളിൽ വാഹനങ്ങൾ നിയമം പാലിക്കുന്നു, വാഹന ഉടമകൾ പരസ്പരം ബഹുമാനിക്കുന്നു, ഹോൺ മുഴക്കുന്നത് അപൂർവം, കാൽനടയാത്രക്കാർക്ക് മുൻഗണന നൽകുന്നു, കൈ ഉയർത്തിക്കാണിച്ച ശേഷം മാത്രം വാഹനം മുമ്പോട്ടേക്ക് എടുക്കുന്ന വാഹന ഉടമകൾ.

മൂന്നുനാലു ദിവസത്തിനുശേഷം എല്ലാവരും കൂടി തൊട്ടടുത്തുള്ള ബീച്ചിൽപോയി, നല്ല തിരക്ക്, തണുത്ത കാറ്റും ആസ്വദിച്ച് നടപ്പാതയിലൂടെ നടന്നു. കടലിൽ നീന്തുന്നവർ, കൈറ്റ് സർഫിങ് നടത്തുന്നവർ, ദൂരെ കപ്പലുകൾ നീങ്ങുന്നു, സീഗളുകൾ പറന്നുനടക്കുന്നു. സന്ധ്യയായിതുടങ്ങി, ഐബിസുകളും, പെലിക്കണുകളും കൂട്ടത്തോടെ കടൽതീരത്തു പറന്നിറങ്ങിതുടങ്ങി.



സമീപത്തുള്ള ബീച്ച്

സൂര്യാസ്തമനവും കണ്ട് കുടുബങ്ങൾ പിരിഞ്ഞുതുടങ്ങി, പതിയെ ഞങ്ങളും മടങ്ങി.

( തുടരും....)




# കുഞ്ഞുടുപ്പ്.....



**റൈസ ബീഗം**

അലമാരി തുറന്നപ്പോൾ അതാ ആ കുഞ്ഞുടുപ്പ്!. പിങ്കും വെള്ളയും വർണ്ണങ്ങൾ ചേർന്ന് മനോഹരമായ ആ ഉടുപ്പിന്റെ ഫ്രില്ലുകൾ ചെറിയ കാറ്റിൽ ഇളകി, എന്നെനോക്കി ചോദിക്കുന്നതുപോലെ . "'എന്നെ ഇതുവരെ എടുക്കാത്ത തെന്താ? എത്ര നാളായി ഞാൻ ഒരു കുഞ്ഞുവാവയുടെ മേനി പുൽകാനായി കാത്തിരിക്കുന്നു ? "

.

സുഹൃത്തിന്റെ ദാമ്പത്യ വല്ലരിയിൽ പൂത്ത ആദ്യത്തെ പൂവാകും കണ്മണി പെൺകുഞ്ഞാ ണെന്നറിഞ്ഞു, ആ സുന്ദരിക്കുട്ടിക്ക് സമ്മാനിക്കു വാനായി സ്നേഹത്തോടെ വാങ്ങി വെച്ചതാണ് ഭംഗിയുള്ള ആ കുഞ്ഞുടുപ്പ്. അപ്പോഴാണ് കൊറോണ എല്ലാവരെയും തടവിലാക്കിയത്. പെൺകുഞ്ഞു ങ്ങളോട് പ്രത്യേക ഇഷ്ടമുള്ള ഞാൻ ഓരോ ദിവസവും കാത്തിരുന്നു, നമ്മളെ വിട്ടു കൊറോണ ഇന്നു പോകുംനാളെ പോകും എന്ന് വിചാരിച്ച്. ഓരോ ദിവസവും സുഹൃത്തിന്റെ വാട്സ്ആപ് പ്രൊഫൈലിൽ കുഞ്ഞിന്റെ ചിരിക്കുന്ന പടം മാറി മാറി വന്നുകൊണ്ടേയിരുന്നു. അങ്ങനെ അവൾ വളരുന്നത് വാട്സ് ആപിലൂടെ കണ്ടുകൊണ്ടിരുന്നു. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറു......... മാസങ്ങൾ കഴിഞ്ഞു. ഇന്നവൾ സാമാന്യം തടിയുള്ള സുന്ദരിക്കുട്ടിയായി മാറിയിരിക്കുന്നു. പാവം കുഞ്ഞുടുപ്പ്! അവളുടെ മേനിയിൽ പാകമാകാതെ അലമാരിയിൽ ത്തന്നെ വിശ്രമം..

# എറണാകുളം ജില്ലയുടെ വാർഷിക ജനറൽ ബോഡി യോഗം

എറണാകുളം ജില്ലാ ഘടകത്തിന്റെവാർഷിക ഓൺലൈൻ പൊതുയോഗം ആഗസ്റ്റ് 27-ാം തിയതി ശനിയാഴ്ച്ച 3 PM മുതൽ 5.30 PM വരെ നടത്തി..




**ഓൺലൈൻ പൊതുയോഗത്തിന് ചുക്കാൻ പിടിച്ച് ജില്ലാ സെക്രട്ടറി.സി.ജി.രാജഗോപാൽ**


എറണാകുളം ജില്ലാ ഘടകത്തിന്റെവാർഷിക ഓൺലൈൻ പൊതുയോഗം ആഗസ്റ്റ് 27-ാം തിയതി ശനിയാഴ്ച്ച 3 PM മുതൽ 5.30 PM വരെ നടത്തി.. അവിസ്മരണീയമായ ഒരു സംഭവത്തിന്റെ പൂർത്തീകരണത്തിനായി. ജില്ലയുടെ എല്ലാ ഭാഗങ്ങളിൽനിന്നും മുന്നൂറിലധികം അംഗങ്ങൾ പങ്കെടുത്തു,



## പ്രർത്ഥനാ ഗാനത്തോടെ മീറ്റിംഗിന് തുടക്കം കുറിച്ചു രാജാമണി

രാജാമണിയുടെ ശ്രദ്ധേയമായ പ്രർത്ഥനാ ഗാനത്തോടെ സമ്മേളനത്തിന് തുടക്കമിട്ടു. എല്ലാവരുടെയും മനസ്സിൽ ത്തട്ടിയ പ്രാർത്ഥന ഹൃദ്യമായ ആലാപനത്താൽ ശ്രദ്ധേ യമായി. ജില്ലാ പ്രസിഡന്റ് ടി. ഒ. ജോൺ അദ്ധ്യക്ഷനായി രുന്നു. സംസ്ഥാന പ്രസിഡൻറ് ശ്രീ.കെ.രാജീവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി.

സെക്രട്ടറി ശ്രീ. സി.ജി.രാജഗോപാൽ. ഓൺലൈൻ പ്ലാറ്റ് ഫോമിൽ സാങ്കേതിക പിന്തുണ നൽകിയതോടൊപ്പം കഴിഞ്ഞ വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സും വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു.. ജില്ലാ ട്രഷററർ കെ.പ്രഭാകര പ്രഭു. ജില്ലാക്കമ്മറ്റിയുടെ വരവ് ചിലവ് കണക്ക് അവതരിപ്പിച്ചു ചർച്ച നടത്തി അംഗീകരിച്ചു.



**അദ്ധ്യക്ഷത വഹിച്ച് ജില്ലാ പ്രസിഡന്റ് ടി ഒ ജോൺ സംസാരിക്കുന്നു.**

സംസ്ഥാനപ്രസിഡന്റ് കെ.രാജീവൻസംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജയകുമാർ, ഡെ. ജനറൽ സെക്രട്ടറി ശ്രീ.ജോസഫ് പാലക്കൻ, അസി. ജനറൽ സെക്രട്ടറി ക്യാപ്റ്റൻ പ്രേം ജി. നാഥ് എന്നിവർ സംസാരിച്ചു



**യോഗത്തിൽ പങ്കേടുത്ത് ആശംസകൾ നേരുന്ന സംസ്ഥാനപ്രസിഡന്റ് കെ.രാജീവൻ**

യോഗത്തിന്റെ മൊത്തത്തിലുള്ള ശ്രദ്ധേയമായ ഈ നേട്ടത്തിന് എറണാകുളത്തെ സമർപ്പിത ടീമിനെ അഭിനന്ദിക്കുന്നു . എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകിച്ച് ഏരിയ കമ്മിറ്റി അംഗങ്ങൾക്കും എല്ലാ അംഗങ്ങൾക്കും സമർപ്പണത്തിനും പ്രതിബദ്ധതയ്ക്കും ഹൃദയംഗമമായ അഭിനന്ദനങ്ങൾ രേഖപ്പെടുത്തട്ടെ.



മുഖ്യ പ്രഭാഷണം നടത്തുന്ന ജനറൽ സെക്രട്ടറി എ .ജയകുമാർ



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി .ജോസഫ് പാലക്കൻ പൊതുയോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്നു.



ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്ന അസി. ജനറൽ സെക്രട്ടറി ക്യാപ്റ്റൻ പ്രേം ജി. നാഥ്



**യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ജില്ലാ ട്രഷറർ കെ.പ്രഭാകര പ്രഭു.**



സദസ്സിന്റെ ഒരു ദൃശ്യം

# വയനാട് ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗ്

2021 സെപ്റ്റംബർ നാലാം തീയതി ശനിയാഴ്ച വൈകുന്നേരം 5.30ന് ജില്ലാ പ്രസിഡണ്ട് ശ്രീ.ഫ്രാൻസിസിന്റെ അസാന്നിധ്യത്തിൽ വൈസ് പ്രസിഡണ്ട് ശ്രീ.രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ 'ഗൂഗിൾ മീറ്റ്' പ്ലാറ്റ്ഫോമിൽ നടത്തി. അസോസിയേഷന്റെ വയനാട് ജില്ലാ ഘടകത്തിലെ ഏറ്റവും മുതിർന്ന അംഗമായിരുന്ന ശ്രീ.സുകുമാരന്റെ ഓർമ്മക്ക് മുമ്പിൽ പ്രണാമം അർപ്പിച്ചു കൊണ്ട് ആരംഭിച്ച മീറ്റിംഗിൽ സെക്രട്ടറി ശ്രീ സത്യൻ സ്വാഗതം ആശംസിച്ചു .

ശ്രീ.രവീന്ദ്രന്റെ അദ്ധ്യക്ഷപ്രസംഗത്തെതുടർന്ന് മീറ്റിംഗ് ഉത്ഘാടനം ചെയ്തു സംസാരിച്ച ആദരണീയനായ അസോസിയേഷൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ.ജോസ്

മെർസിലിൻ സമസ്ത ബാങ്ക് പെൻഷൻകാരുടെയും ദീർഘകാല ആവശ്യമായിരുന്ന ഫാമിലി പെൻഷൻ വർദ്ധനവ് സക്ഷാത്കരിക്കാൻ പോകുന്നതിനെകുറിച്ചും ഒപ്പം വയനാട് ജില്ലക്കായിട്ട് അനുവദിച്ച ബാങ്ക് ഡിസ്പെൻസറി കൈനാട്ടി ശാഖ കെട്ടിടത്തിൽ ഒക്ടോബർ മാസത്തോടെ യാഥാർത്ഥ്യമാക്കുന്നതിന്റെ പരിശ്രമത്തിലാണ് ബാങ്ക് മാനേജ്മെന്റ് എന്നും അറിയിച്ചു.പതിനൊന്നാം ഉഭയകക്ഷി കരാർ പ്രകാരമുള്ള ആനുകുല്യങ്ങൾ ഇനിയും ലഭിച്ചിട്ടില്ലാത്തവർ വ്യക്തിപരമായി ബാങ്കിനെ സമീപിക്കുവാനും അനുകൂല നടപടി ഉണ്ടായില്ലെങ്കിൽ ഉപേക്ഷകൂടാതെ അസോസിയേഷന്റെ ശ്രദ്ധയിൽപ്പെടുത്തു വാനും നിർദ്ദേശിച്ചു.

തുടർന്ന് സംസാരിച്ച അസോസിയേഷൻ അസിസ്റ്റൻറ് ജനറൽ സെക്രട്ടറി ശ്രീ.സേതുമാധവൻ നായർ ജില്ലാ എക്സിക്യൂട്ടീവ്കമ്മറ്റിയുടെ പ്രവർത്തനത്തിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ഈ കലണ്ടർ വർഷം അവസാനിക്കുന്നതിനു മുമ്പായി വയനാട് ജില്ലയുടെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ടു തന്നെ ഒരു ഓൺലൈൻ ജനറൽ ബോഡി വിളിച്ചു ചേർക്കുവാനും നിർദ്ദേശിച്ചു. ഇൻഡ്യയിൽ ബാങ്ക് ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഡിസ്പെൻസറി സൗകര്യം ഉള്ളത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ മാത്രമാണെന്നും അതുകൊണ്ടുതന്നെ ആയതിന്റെ പ്രാധാന്യം ഉൾകൊണ്ടു കൊണ്ട് ജില്ലക്കായി അനുവദിച്ച ഡിസ്പെൻസറിയുടെ പ്രവർത്തനത്തിൽ ജില്ലാ ഘടകം വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നും നിർദേശിച്ചു.
ഒപ്പം 'ബി 'പോളിസി എടുത്തിട്ടുള്ള ജില്ലയിലെ പെൻഷൻകാർ **UR world** ആപ്പ് ഉപേക്ഷ കൂടാതെ ഡൌൺലോഡു ചെയ്യാൻ നിർദേശം നൽകുവാനും ആവശ്യപ്പെട്ടു. തുടർന്നു ശ്രീ.പ്രേമൻ,ശ്രീ.ജോസ് മാത്യു, ശ്രീ.ഭാസ്ക്കരൻ ,ശ്രീ.രാംകുമാർ എന്നിവർ ഉന്നയിച്ച സംശയങ്ങൾക്ക് സംസ്ഥാന ഭാരവാഹികളുടെ മറുപടിക്ക് ശേഷം ജോയിന്റ് സെക്രട്ടറി ശ്രീ.ജോസ് മാത്യുവിന്റെ നന്ദി പ്രകടനത്തോടെ 7.15ന് മീറ്റിംഗ് അവസാനിച്ചു.

## .ഇടുക്കി ജില്ലാ കമ്മറ്റി യോഗം

എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ കമ്മറ്റി യോഗം സെപ്റ്റംബറിൽ 5-ാം തിയതി വ്യാഴം രാവിലെ 11 മണിക്ക് ജിയൊ മീറ്റ് പ്ലാറ്റ്ഫോമിൽനടത്തി. 13 അംഗങ്ങൾ പങ്കെടുത്തു. ഇടുക്കി ജില്ലാ കമ്മറ്റി പ്രസിഡന്റ് റ്റി.ജെ.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് വൈസ് പ്രസിഡന്റ്.പി.പി. തോമസ്, സംസാരിച്ചു. കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് ശ്രീ.പി. എം. ജോർജ്ജ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന ഇടുക്കി ജില്ലാ പ്രസിഡന്റ് റ്റി.ജെ.ജോസഫ്.

2021 ഓഗസ്റ്റ് മാസം 31 വരെയുള്ള കണക്കുകൾ ശ്രീ. എം.ഐ.ഗോപലൻ, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ.ജോസഫ് പാലക്കൻ, ഡി.ജി.എസ്. അംഗങ്ങളുടെപരാതികൾ ലഘൂകരിക്കാൻ അസോസിയേഷൻ നടത്തിയ ശ്രമങ്ങൾ വിശദീകരിച്ചു



ഡെപ്യുട്ടി ജനറൽ സെക്രട്ടറി ശ്രീ.ജോസഫ് പാലക്കൻ

എറണാകുളം, ഇടുക്കി ജില്ലാ യൂണിറ്റുകളിലെ അംഗങ്ങൾ വിദാലിന് സമർപ്പിച്ച എല്ലാ മെഡിക്കൽ ബില്ലികളും തീർപ്പാക്കാൻ ആരംഭിച്ച പ്രത്യേക ഡ്രൈവ് അദ്ദേഹം വിശദീകരിച്ചു. പരേതനായ കെ പി ജോസഫിന്റെ (മുൻ ചീഫ് മാനേജർ) മകളും ഇടുക്കി ജില്ലാ യൂണിറ്റിലെ ഫാമിലി പെൻഷനറും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ പ്രൊഫ.കെ വി. ആലീസിന്റെയും മകൾ എംജി സർവകലാശാലയിൽ നിന്ന് എം.എസ്.സി ഗണിതശാസ്ത്രത്തിൽ രണ്ടാം റാങ്ക് ലഭിച്ച മിസ് നീനുവിനേ അഭിനന്ദനം അറിയിച്ചു. തുടർന്ന് ജോയിന്റ് സെക്രട്ടറി കെ.ജെ.ജോണി കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 1 മണിയോടെ അവസാനിച്ചു.

## ബാങ്കിന്റെ പെൻഷൻകാർക്കുള്ള കോവിഡ് കാല ക്ഷേമ നടപടികൾ

കോവിഡ്-19 മഹാമാരി ശമനമില്ലാതെ തുടരുന്ന പശ്ചാത്തലത്തിൽ പെൻഷൻകാരായ മുതിർന്ന ആളുകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിച്ച് പുറമേ നിന്നും അത്യാവശ്യ മരുന്നുകൾ വാങ്ങി ബില്ല് സമർപ്പിച്ച് തുക വാങ്ങുന്നതിന് നിലവിലുള്ള പദ്ധതി 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ബാങ്ക് ഉത്തരവായി. ഈ സൗകര്യം നിലവിൽ ബാങ്കിന്റെ ഡിസ്പെൻസറികൾ, (ബാങ്കിന്റെ ഡിസ്പെൻസറികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ), പെൻഷൻകാരായ മുതിർന്ന ആളുകൾ എന്നിവർക്ക് അനുവദിക്കും. പുറമേ നിന്ന് പതിവായി വാങ്ങുന്ന മരുന്നുകൾ തുടർന്ന് വാങ്ങുന്നതിനുള്ള സൗകര്യം 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. റിട്ടേർഡ് ജീവന ക്കാർക്ക് സാധാരണ മരുന്നുകളുടെ റീഇംബേഴ്സ്മെൻറ് മേൽപ്പറഞ്ഞ സൗകര്യം ഉപയോഗിച്ച് ഡിസ്പ്പെൻസറി സന്ദർശിക്കാതെ ചെയ്യാവുന്നതാണ്.

അഭിനന്ദനങ്ങൾ!!

# എം.എസ്.സി ഗണിതശാസ്ത്രത്തിൽ രണ്ടാം റാങ്ക്



## മിസ്. നീനു ജോസ്

മിസ്. നീനു ജോസ് സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ പ്രിയപ്പെട്ട സഹപ്രവർത്തകൻ പരേതനായ കെ പി ജോസഫിന്റെ (മുൻ ചീഫ് മാനേജർ) മകളും യൂണിറ്റിലെ ഫാമിലി പെൻഷനറും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ പ്രൊഫ.കെ വി. ആലീസിന്റെയും മകളാണ്. എംജി സർവകലാശാലയിൽ നിന്ന് എം.എസ്.സി ഗണിതശാസ്ത്രത്തിൽ രണ്ടാം റാങ്ക് ലഭിച്ചു. 2021 സെപ്റ്റംബർ 5 -ന് നടന്ന ഇടുക്കി ജില്ലാ കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗിൽ നീനു ഒരു പ്രത്യേക ക്ഷണിതാവായിരുന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവരും നീനു ജോസിനെ ആദരിച്ചു. മറുപടിയായി, ഹൃദയപൂർവ്വം നന്ദി പ്രകടിപ്പിക്കു കയും റാങ്ക് ലഭിച്ചതിനുശേഷം ലഭിച്ച അഭിനന്ദനങ്ങളിൽ സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷന്റെ അഭിനന്ദനത്തെ തനത് വില മതിക്കുന്നുവെന്ന് ഊന്നിപ്പറയുകയും ചെയ്തു. പിതാവിന്റെ ആദരണീയമായ ഓർമ്മയ്ക്കായി റാങ്ക് നേട്ടം സമർപ്പിച്ചപ്പോൾ നീനു വികാരാധീനയായി.

### യോഗാചാര്യൻ അഡ്വ. വി.ആർ.ബി നായർക്ക് ആദരം



› യോഗാചാര്യൻ ആർട്ട് ഓഫ് ലിവിങ് സീനിയർ ഫാക്കൽറ്റി മെമ്പർ അഡ്വ. വി. ആർ.ബി നായരെ ഓൺലൈൻ യോഗ സാധന ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ ആദരിക്കുന്നു

കൊറോണാക്കാലത്തെ ആകുലതകൾക്ക് തണലേകിയ യോഗാചാര്യൻ ആർട്ട് ഓഫ് ലിവിങ്ങ് സീനിയർ ഫാകൾട്ടി അംഗം അഡ്വ.വി.ആർ.ബി.നായരെ ഓൺലൈൻ യോഗ സാധന ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു.

# ഓൺലൈൻ കോവിഡ്-19 ക്വിസ്സ്

ബിഗ്ഫീൽഡ് എന്റർടെയിൻമെന്റ് ആഭിമുഖ്യത്തിൽ സെപ്റ്റംബർ 18-ാം തിയതി വൈകിട്ട് ഏഴര മണിക്ക് അഡ്മിനിസ്ട്രേറ്റർ ശ്രീ.വി. നാരായണന്റെയും ക്വിസ്സ് മാസ്റ്റർ വി.വിനീഷിന്റേയും നേതൃത്വത്തിൽ ഗൂഗിൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഓൺലൈൻ കോവിഡ്-19 ക്വിസ്സ് വിജയകരമായി നടത്തി.

പരിപാടി കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടക്കാമു യ്ക്കൽ ഉത്ഘാടനം ചെയ്തു. ഡൊമിനിക് കുന്നപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട് വി. നാരായണൻ, റിട്ടയേർഡ് എ ജി എം കെ.കെ. കുര്യൻ, അലക്സ് മേനാംപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. വിനീഷ് വി ക്വിസ് മാസ്റ്റർ ആയി. കോവിഡ് ബോധവത്കരണത്തിന് സഹായകമായതും വിജ്ഞാനപ്രദവുമായ പ്രശ്നോത്തരി എല്ലാവരുടേയും പ്രശംസ പിടിച്ചു പറ്റി.



ക്വിസ്സ് അഡ്മിനിസ്ട്രേറ്റർ
ശ്രീ.വി.നാരായണൻ

**കോവിഡ് 19 ക്വിസ് മത്സര വിജയികൾ**

ഒന്നാം സമ്മാനം. ശ്രീ.പി. ആർ.ശശി

രണ്ടാം സമ്മാനം. കോമളവല്ലി

മൂന്നാം സമ്മാനം. ശ്രീ. ജോസഫ് ജയിംസ്

**അഭിനന്ദനങ്ങൾ**



മത്സരത്തിലെ വിജയി ഒന്നാം സ്ഥാനം:
പി.ആർ.ശശി



2-ാം സ്ഥാനം: കോമളവല്ലി.പി.ആർ



മൂന്നാം സ്ഥാനം: ജോസഫ് ജെയിംസ്





# 2021 സെപ്റ്റംബറിൽ വിരമിക്കുന്നവർ

**2021 സെപ്റ്റംബറിൽ വിരമിക്കുന്നവർ**

1. മോഹനൻ നായർ.എം.ആർ. നെല്ലാട് ശാഖ,
2. വർഗീസ്.ഇ.ജെ. അങ്കമാലി ടൗൺ
3. രാധാകൃഷ്ണൻ കെ. കണ്ണൂർ
4. മാത്യു സിറിയക് , ഉല്ലല (വൈക്കം)
5. മായ കോട്ടിലിൽ, മലാപറമ്പ്
6. ഗോവിന്ദ് പി. (പുലക്കാട്ട്) RASMEC ഒറ്റപ്പാലം
7. പ്രമീള സദാശിവൻ.
8. രാജീവ് ഗോപാലൻ നായർ
9. വത്സല ദേവി എസ്

ഇന്ന് ബാങ്കിനോട് വിടപറയുന്ന നമ്മുടെ സുഹൃത്തു ക്കൾക്കു എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .

# സെപ്റ്റംബർ 21 ശ്രീനാരായണ ഗുരു സമാധി ദിനം



**സമാധിസ്ഥിതനായ് തീർന്ന**
**ഗുരുവിൻ ലോകദർശനം ,**
**ഉയിരാർന്നരുവായ് ശുഭം**
**വിലസുന്നുണ്ട ശാശ്വതം !**

## സമാധി ദിന ചിന്തകൾ

എല്ലാ മതങ്ങളും . സർവ സാഹോദര്യത്തിനായിട്ടാണ്, ധർമത്തിന്റെ പരിപാലനത്തിനായിട്ടാണ് പിറവിയെടുത്തതെന്നും എല്ലാ മതങ്ങളുടെയും സാരം ഒന്നായി കാണണം എന്നും സൂക്ഷ്മമറിഞ്ഞ ഗുരുക്കന്മാർ വെളിപ്പെടുത്തുന്നു. എന്തിനാണ് മതത്തിന്റെ പേരിൽ അനുയായിക ൾ വെറുതെ കലഹിക്കുന്നത്? ഹിന്ദുവും മുഹമ്മദീയരും ക്രിസ്ത്യാനികളും ജൈനരും അതു പോലെത്തന്നെ മറ്റു മതക്കാരും അതിനെ പ്രാപിക്കാൻ വേണ്ടിയാണ് അശ്രാന്തം പരിശ്രമിക്കുന്നതെന്ന്

ഗുരുദേവൻ ശ്രീനാരായ ണ ധർമത്തിൽ പറഞ്ഞു വെച്ചിട്ട് ഒരു നൂറ്റാണ്ടായി , ജാതി ഭേദം മത ദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമായി ഇലോകവും ലോകരും വിളവാനുള്ള സന്ദേശം അരുവിപ്പുറത്ത് ആലേഖനം ചെയ്തിട്ട് 133 കൊല്ലമായി . മനുഷ്യൻ ഒരു ജാതിയായി ജീവിക്കണം. ഈ അഭിപ്രായം എല്ലായിടവും പര ക്കണം . മനുഷ്യൻ ഒരു ജാതി അതാണ് നമ്മുടെ മതം എന്ന് ഗുരുദേവൻ കല്പിച്ചിട്ടും നൂറ്റാണ്ട് ഒന്നായി . ഇതെല്ലാം ശരിതന്നെ. പക്ഷേ, സൂക്ഷമറിയാതെ മതങ്ങൾക്കു പിന്നാലെ പായുന്നവർക്ക് ഇതൊന്നും കേൾക്കാനുള്ള കാതുണ്ടാവില്ല . എന്നാൽ , അവരെ നയിക്കുന്ന മതാചാര്യന്മാരുടെ കണ്ണും കാതും തുറന്നിരിക്കുകതന്നെ വേണം . മനുഷ്യൻ വൈവിധ്യം ഇഷ്ടപ്പെടുന്നു.

ഒരേതരത്തിലുള്ള പഴങ്ങളോ , ജനങ്ങളോ , മൃഗങ്ങളോ അല്ല ഈ ഭൂമുഖത്തു കാണപ്പെടുന്നത് . അതിനാൽ ഈ ജീവചൈതന്യത്തെ ഏകതാനതയിൽ തളച്ചിടാൻ ശ്രമിക്കേണ്ടതില്ല. എല്ലാ ജീവജാലങ്ങളിലെയും വൈവിധ്യതയെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തുകൊണ്ട് അവയെല്ലാം ആസ്വദിക്കുക. സഹിഷ്ണുത എന്ന വാക്കു നാം കൂടെക്കൂടെ ഉപയോഗപ്പെടുത്തുന്നുണ്ട് . ഇത്തരം പദങ്ങൾ കാലഹരണപ്പെട്ടതാണ് . നമുക്ക് സ്നേഹിക്കാൻ പറ്റാത്തതിനെയാണ് നാം സഹിക്കുക . നമ്മുടെ മതത്തെപ്പോലെത്തന്നെ മറ്റു മതങ്ങളെയും സ്നേഹിക്കാനുള്ള സമയം സമാഗതമായിരിക്കുന്നു . നമ്മുടെ മതമായതുകൊണ്ടല്ല അതു മഹത്തരമാകുന്നത്. പക്ഷേ , അത് എന്താണോ അതു കൊണ്ടാണ് . ഈ ഒരു തിരിച്ചറിവ് ആത്മീയ , മതനേതാക്കളുടെ ഉള്ളിൽ ഉണർത്താൻ സാധിച്ചാൽ ഈ മനോഹരമായ ലോകത്തിന്റെ എല്ലാ മതഭ്രാന്തുകൾക്കും അറുതിവരുത്താൻ സഹായിക്കും . സമസ്ത മതങ്ങളെയും കുറിച്ച് ഒരു ചെറിയതോതിലെങ്കിലുമുള്ള അറിവ് ജീവിതത്തെക്കുറിച്ചുള്ള വിശാലമായ ഒരു ദർശനം നൽകാൻ സഹായകമാകും. നാം സമാധാനത്തിന്റെ ഉറവയാണന്നു കണ്ടുപിടിക്കുകയാണു വേണ്ടത് ആത്മീയതയുടെ സത്വമാകുന്ന ധ്യാനവും സാർവലൗകികവുമായ സാഹോദര്യവും ഇല്ലെങ്കിൽ മതം ഒരു പുറന്തോടുമാത്രമായി അവശേഷിക്കും.




# എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ അഹമ്മദാബാദിന്റെ ഭരണ സമിതി യോഗം

അഹമ്മദാബാദ് നഗരത്തിൽ സെപ്റ്റംബർ 8 നടന്ന എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ അഹമ്മദാബാദിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ജനറൽ സെക്രട്ടറി ജയകുമാർ പ്രത്യേക ക്ഷണിതാവായിരുന്നു. . . കോവിഡ് പകർച്ചവ്യാധി കാരണം സർക്കിളിന് ഒരു മീറ്റിംഗും നടത്താൻ കഴിയാത്തതിനാൽ ഏകദേശം രണ്ട് വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം നടത്തിയ ഭൗതിക യോഗം പ്രത്യേകതയായിരുന്നു. ഗുജറാത്ത് സംസ്ഥാനത്തുടനീളമുള്ള വിവിധ ജില്ലകളിൽ നിന്നുള്ള 65 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.




അസോസിയേഷൻ പ്രസിഡന്റ് വെറ്ററൻ സഖാവ് സുരേഷ് റിന്ദാനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ഫെഡറേഷന്റെ സീനിയർ വൈസ് പ്രെസിഡന്റ് സർക്കിൾ ഡെവലപ്മെന്റ് ഓഫീസർ, എച്ച്ആർ, പിപിജി, അസി. ജനറൽ മാനേജർമാർ ജനറൽ സെക്രട്ടറി, ഓഫീസേഴ്സ് അസോസിയേഷൻ സ്റ്റാഫ് യൂണിയൻ എസ്സി എസ്ടി വെൽഫെയർ അസോസിയേഷൻ, സംസ്ഥാന കമ്മീഷൻ . തുടങ്ങി പ്രമുഖർ പങ്കെടുത്തു.



ജനറൽ സെക്രട്ടറി ജയകുമാർ എസ്ബിഐ പെൻഷനേഴ്സ് അസോസിയേ ഷൻ അഹമ്മദാബാദിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ സംസാരിക്കുന്നു.

അനുമോദനത്തിനുള്ള മറുപടിയിൽ, സഖാവ് ജയകുമാർ, SBIPA KERALA, പെൻഷൻ സംബന്ധിച്ച വർക്ക്ഷോപ്പ്, വരാനിരിക്കുന്ന വിരമിച്ചവരുടെ പ്രയോജനത്തിനായി ട്യൂട്ടോറിയലുകൾ, ജില്ലാ യൂണിറ്റുകളുടെ പതിവ് ഓണ്ലൈൻ മീറ്റിംഗുകൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പങ്കുവെച്ചു.

പ്രിയപ്പെട്ട ജനറൽ സെക്രട്ടറിക്ക് അഭിനന്ദനങ്ങൾ !!



നേരിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം

# ബാങ്കിന്റെ അച്ചടക്ക നടപടികൾ സംബന്ധിച്ച് വർക്ക്ഷോപ്പ്




എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ശ്രീ ജോൺ ജോസഫ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്യുന്നു. പെൻഷനേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എം.എസ്.ഐയ്യരും മുൻ സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ AGS എസ്.ആർ.വാര്യരും വേദിയിൽ

സെപ്റ്റംബർ 23 ന് സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ) നടത്തിയ അച്ചടക്ക നടപടികളുടെ വർക്ക്ഷോപ്പ് എസ്ബിഐ പെൻഷനേഴ്സ് അസോസി യേഷൻ മുൻ ജനറൽ സെക്രട്ടറി ശ്രീ ജോൺ ജോസഫ് ഉദ്ഘാടനം ചെയ്തു. പെൻഷനേഴ്സ് അസോസി യേഷൻ തിരുവനന്തപുരം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എം.എസ്.ഐയ്യരും മുൻ സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ AGS എസ്.ആർ.വാര്യരും ക്ലാസ്സുകൾ നയിച്ചു. ഈ പകർച്ചവ്യാധി കാലഘട്ടത്തിലും അത്തരമൊരു ക്ലാസ് നടത്തിയതിന് അഖിൽ സത്യൻ പ്രസിഡന്റ് എസ് ബി.എസ്യു, ജനറൽ സെക്രട്ടറി എസ് ബിഎസ്യു ഫിലിപ്പ് കോശി. എന്നിവരെ അഭിനന്ദി ക്കുന്നു.

# ജീവിതം എങ്ങനെ സന്തോഷപ്രദമാക്കാം'



ചെറിയാൻ വർഗിസ്

അറിയപ്പെടുന്ന മോട്ടിവേഷണൽ ട്രെയ്നറും കോട്ടയം ജില്ല സംഘടന പ്രവർത്തകനും കൂടിയായ അദ്ദേഹം ഏപ്രിൽ 2020 ൽ കളത്തിപ്പടി ബ്രാഞ്ച് മാനേജർ ആയിരിക്കെ റിട്ടയർ ആയി

- **സന്തോഷം ഉള്ളിലാണ്** :

റിട്ടയർമെന്റ് ഒരു പുതിയ തുടക്കമാണ്. ആഗ്രഹിച്ചതുപോലെ ജീവിക്കുവാൻ, സമ്മർദം കൂടാതെ ജീവിക്കുവാൻ കിട്ടിയ വലിയ അവസരം. ആ സന്തോഷം ഉള്ളിൽ സ്വീകരിക്കുക. **നന്നായി ഉറങ്ങുക**

മനസ്സിലെ പിരിമുറുക്കങ്ങൾ ഒന്നുമില്ലാതെ നന്നായി ഉറങ്ങുക. ഉന്മേഷത്തോടെ ഉണരുക.

- **ജീവിത താളം കാത്തു സൂക്ഷിക്കുക.**

എല്ലാറ്റിനും ഒരു ക്രമീകരണം വേണം. ദിനചര്യകളും , ഭക്ഷണവും വ്യായാമവും ക്രമീകരിക്കുക

- **. വസ്ത്രധാരണം**

നല്ല വസ്ത്രധാരണം നമുക്ക് ആത്മ വിശ്വാസം നൽകുന്നു. എവിടേക്കു പോകുമ്പോളും വീട്ടിൽ ഇരിക്കുമ്പോളും മാന്യമായ വസ്ത്ര ധാരണം നമുക്ക് അന്തസ്സും ആത്മ വിശ്വാസവും നൽകുന്നു.

- **. ഒത്തൊരുമ പ്രധാനം**

പുരുഷന്മാർ വീട്ടു ജോലിയിൽ സഹായിക്കുക, ചെറിയ പച്ചക്കറി തോട്ടം ആരംഭിക്കുക. ഇവ കുടുംബ ബന്ധങ്ങളെ പരിപോഷിപ്പിക്കും.

- **ഹോബികൾ പുനരാരംഭിക്കുക**

മറന്നു വച്ചതും മാറ്റിവച്ചതുമായ ഹോബിബികൾ ( വായന , എഴുത്ത് , സംഗീതം , കലാ പരിപാടികൾ ) പൊടി തട്ടി എടുക്കുക

- **ബന്ധങ്ങൾ ശക്തമാക്കുക**

നാട്ടിലെ റസിഡന്റ് അസോസിയേഷൻ , ലൈബ്രറി , സമുദായ സംഘടനകൾ എന്നിവയുമായി ചേർന്നു പ്രവർത്തിക്കുക

- **യാത്രകൾ ഉന്മേഷദായകം**

ചെറിയ യാത്രകൾ കുടുംബമായി നടത്തുക. പുതിയ സ്ഥലങ്ങൾ കാണുക. അവ മനസ്സിനും ശരീരത്തിനും ഉന്മേഷം പകരും

- **അഭിനന്ദനം ശീലമാക്കുക**

എന്തിനും ഏതിനും കുറ്റപ്പെടുത്തരുത്. കണ്ണു തുറന്നു നന്മ കാണുക ബോധപൂർവം അഭിനന്ദിക്കുക. അപ്പോൾ മറ്റുള്ളവർ നിങ്ങളെ ഇഷ്ടപ്പെടും

### സമൂഹത്തിനു തിരിച്ചു നൽകുക

ജീവിതം നമുക്കു നൽകിയ നന്മകൾ ഏറെയാണ്. ഇനി സമയവും ആരോഗ്യവും പണവും സമൂഹ ക്ഷേമത്തിനായി വിനിയോഗിക്കുക.

നന്മകൾ നേരുന്നു.

## മോഹനൻ നായർ.എം.ആർ



മോഹനൻ നായർ.എം.ആർ

28 വർഷവും 2 മാസവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം നെല്ലാട് ബ്രാഞ്ചിൽ നിന്നും സീനിയർ ഹെഡ് മെസ്സഞ്ജരായി , വിരമിക്കുന്ന മോഹനൻ നായർ.എം.ആർ. യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. മോഹനൻ നായരെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# വായനക്കാർ എഴുതുന്നു




സർ,

ഒയാസിസ് വാർത്താ ലഘു പത്രം (OASIS bulletin) ഇല്ലായിരുന്നെങ്കിൽ എന്നോടൊപ്പം കൂത്തുപറമ്പിൽ ജോലി ചെയ്തിരുന്ന K K ശ്രീനിവാസൻ സാറിന്റെ വിയോഗം അറിയാതെ പോയേനെ. ഒയാസിസ് അയച്ചു തരുന്നതിന് അങ്ങേയറ്റം നന്ദി.



അലക്സ് മണ്ണൂരാൻപറമ്പിൽ,
ഡെപ്യൂട്ടി ജനറൽ സെക്രട്ടറി,
സ്റ്റേറ്റ് ബാങ്ക് ഓഫീസേഴ്സ് അസോസ്സിയേഷൻ
കോട്ടയം

### ബി സി ഉണ്ണികൃഷ്ണൻ നായർ,
### സംസ്ഥാന വൈസ് പ്രസിഡന്റ്

Contents are as usual good and well presented. However, I feel that publishing of the chart prepared by C.H.Venkitachalam on F.P. revision could have been deferred as it does not have any authenticity. Material published in our news letter should be authentic and we cannot take shelter saying 'as received'. Shall be glad if you will ensure this.

### Rajagopal,
### SBIPAK, Ernakulam

Very surprised to note that OASIS NEWS BULLETIN could not find a place to report a news about the virtual Annual General Body Meeting of Ernakulam District held on 7.8.21, which was meticulously reported by President Rajeevan in the whatsapp group of SBIPA Kerala.


പ്രിയ എംജിആർ,

**'ഒയാസിസ്'** വളരെ വളരെ നന്നായിട്ടുണ്ട്. ഒറ്റ വാക്കിൽ ഒതുക്കി യാൽ "ഉജ്ജ്വലം"
ഫോട്ടോകളുടെ ബാഹുല്യം ഗൗരവമായ വായനയിൽ നിന്നും ശ്രദ്ധ തിരിക്കും . ആയതിനാൽ ഒരു പേജിൽ ഒരു പാട് നിറമാർന്ന ചിത്രങ്ങൾ ഒഴിവാക്കി പകരം രണ്ടോ മൂന്നോ ചിത്രങ്ങളായാൽ കാണാൻ ഭംഗിയുണ്ടാവും. റിട്ടയേർമെന്റ് ഫോട്ടോകൾക്ക് ഈ നിബന്ധന ഇല്ല എന്ന് അറിയിക്കട്ടെ. ഇ-മാഗസിൻ ആയത് കാരണം പേജുകളുടെ എണ്ണത്തിൽ പിശുക്ക് വേണ്ടല്ലോ? വിരമിക്കുന്നവരു ടെ പേരിനൊപ്പം ശ്രീ / ശ്രീമതി. വേണ്ട. വെറും പേരിലാണ് ഭംഗി. ചരമവാർത്തയിലും അങ്ങനെ മതി. 'ഒയാസിസ്' എണ്ണപ്പെടുന്ന ഒരു മാസികയാ വണം എന്ന താത്പര്യത്തിൽ ഇത്രയും.

സ്നേഹത്തോടെ
രാജീവൻ


# നർമ്മ വീഥി

**Dr K R S Nair's new book remaining No1. Best sellers in @[9465008123:274:Amazon .com]**




എഴുത്തുകാരുടെ ഏറ്റവും വലിയ സ്വപ്നങ്ങളിൽ ഒന്നായ ആമസോൺ ഓറഞ്ച് ടാഗ് നേടിക്കൊണ്ട് പ്രസിദ്ധീകരിച്ചു മൂന്നാം ദിവസം രാജ്യത്ത് ഒന്നാം സ്ഥാനത്ത്. ഡോ.കെ.ആർ.എസ്. നായർ സ്റ്റേറ്റ് ബാങ്ക് റിട്ട. എ.ജി.എം. ആണ്.







കുലസ്ത്രീ കുലസ്ത്രീ എന്നു
പറയുന്നത് കേട്ടിട്ടുണ്ട് ഇപ്പോഴാണ്
കണ്ടത്. 😂😂😂



അത് മനുഷ്യനാണോ?
അല്ല.വെറും കോലമാണ്
എന്താ ഇത്ര ഉറപ്പ്?
ആണെങ്കിൽ ഫോൺ നോക്കിയേനെ
ശരിയാ


The webinar on 'How to avoid online frauds' is cancelled.
&
The registration fee is non-refundable !


നമ്മൾ തലകീഴായി കിടക്കുന്നതു കൊണ്ടാണോ പനി നിപയായത്?



ഇവിടെ മാലിന്യം വലിച്ചെറിയരുത്!
ഇല്ല. പതുക്കെ വച്ചിട്ട് പൊയ്ക്കോളാം


# കൗതുക വാർത്തകൾ


ഭാരതീയ പൈതൃകം
ഓരോ മാസവും സൂര്യരശ്മി ഓരോ തൂണുകളിലും പതിക്കുന്ന രീതിയിൽ നിർമിച്ച വാസ്തു വിദ്യ വിസ്മയം...
അതെ.. ഭാരതം അത്ഭുതങ്ങളുടെ നാടാണ്.
വിദ്യാ ശങ്കര ക്ഷേത്രം., ശൃംഗേരി, കർണാടക.


ഒരു തൂമ്പാ കുടുംബം
മനോഹരം ഈ ഭാവന
കലയന്താനി
കാഴ്ചകൾ


ഗ്രാമം
കണക്കിന്റെ ഒരു
രസകരമായ സാങ്കേതിക
തത്വം
259 × 39 ×
നിങ്ങളുടെ പ്രായം
വളരെ അത്ഭുതകരമായ
ഒരു സംഖ്യ ലഭിക്കും
try ചെയ്തു നോക്കൂ !
ഗ്രാമം


Question for ₹ 1 Crore...
ಶುಭಸಂಜೆ
Two Zero Two Four
A: 2024
B: 0044
C: 0024
D: 2044




**World Alzheimer's day 21/09/2021**




# കെ.ഹരികൃഷ്ണൻ



**കെ.ഹരികൃഷ്ണൻ**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം കെ.ഹരികൃഷ്ണൻ, നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കുചേരുന്നു. ആദരാഞ്ജലികൾ!

# എലിസബത്ത് വർഗീസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **തിരുവനന്തപുരം യൂണിറ്റ് അംഗം** (എൽ.എം.9344) റിട്ടയേർഡ് എ.ജി.എം. എലിസബത്ത് വർഗീസ് നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. 07.09.2021ന് ചൊവ്വാഴ്ച്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ഇടപ്പഴഞ്ഞി SK ഹോസ്പിറ്റലിൽ വച്ചായിരുന്നു അന്ത്യം. ഗാന്ധിനഗർ വഴുതയ്ക്കാട് താമസക്കാരിയാണ്.



എലിസബത്ത് വർഗീസ്

**കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്. ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.**

# എ.കെ.ദിവാകരൻ



**എ.കെ.ദിവാകരൻ**

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗമായ വൈക്കം ഏരിയായൂണിറ്റിലെ എ.കെ.ദിവാകരൻ, തുഷാരയിൽ തലയോലപ്പറമ്പ് , ഹൃദയ സ്തംഭനം മൂലംനിര്യാതനായ**

വിവരം വ്യസന സമേതം അറിയിക്കുന്നു. 77 വയസ്സായിരുന്നു. സംസ്കാരം 11.9.2021 ശനിയാഴ്ച്ച വൈകുന്നേരം നാലുമണിക്ക് തലയോലപ്പറമ്പിലെ വീട്ടുവളപ്പിൽ നടത്തി.

ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ, വൈക്കം ഏരിയ ജോയിന്റ് കൺവീനർ ഡി.കെ.രാജഗോപാൽ എന്നിവർ ഭവനത്തിലെത്തി ഉപചാരങ്ങളർപ്പിക്കുകയും കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.



വൈക്കം ഏരിയ ജോയിന്റ് കൺവീനർ ഡി.കെ.രാജഗോപാൽ പുഷ്പാഞ്ജലി ചെയ്ത് ആദരാഞ്ജലികളർപ്പിക്കുന്നു.

കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ കോട്ടയം ജില്ലാ സെന്ററിന്റെ അനുശോചനം അറിയിക്കുന്നു പരേതാത്മാവിന് നിത്യശാന്തി നേരുന്നു .

# അന്നമ്മ ചാണ്ടി

നമ്മുടെ കാഞ്ഞിരപ്പള്ളി ഏരിയ മെമ്പറും റിട്ട് ഡിജിഎം കാനം ജോയി ആര്യക്കരയുടെ മാതാവ് അന്നമ്മ ചാണ്ടി നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു . 87 വയസ്സായിരുന്നു. ഭർത്താവ്: എ.ഐ.ചാണ്ടി (റിട്ട. സൂപ്രണ്ട് വാട്ടർ ട്രൻസ്പോർട്ട് . മക്കൾ : ജോയി സി.ആര്യക്കരെ റിട്ട . ഡിജിഎം ( സ്റ്റേറ്റ് ബാങ്ക് ) , ജോളി സഖറിയ ( യു. എസ് . ) , ജയ സാം ( എൽ.ഐ.സി. ( ഭോപ്പാൽ ) , ജ്യോതി ബോബ് ( യു.എസ് ) . മരുമക്കൾ : സാറ ജോയ് , പൊതിപറമ്പിൽ മാരാമൺ ( റിട്ട. സ്റ്റേറ്റ് ബാങ്ക് ) , സഖറിയ ഉമ്മൻ, ഊരാൻവേലിൽ എടത്വ ( യു.എസ്. ), സാം പി.സാമു വൽ തോണ്ടിയത്ത് പുത്തൻവീട്ടിൽ കല്ലിശേരി ( ഭോപ്പാൽ ) , ബോബ് തോമസ് ആലുനിൽക്കുന്നമണ്ണിൽ കുളനട ( യു.എസ് . )



അന്നമ്മ ചാണ്ടി

ശവസംസ്കാരം 16 ന് വ്യാഴാഴ്ച 11 മണിക്ക് കാനം പെന്തക്കോസ്തു മിഷ്യൻ സിമിത്തേ രിയിൽ നടത്തി. ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും ശ്രീ ജോയി ആര്യക്കരയുടെ കുടുംബത്തിനും പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല സെന്ററിന്റെ പേരിൽ അനുശോചനം അറിയിക്കുകയും വേർപാടിന്റെ ദുഃഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു

# സുരേന്ദ്രൻ നായർ.വി.



**സുരേന്ദ്രൻ നായർ.വി.**

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം (എൽ.എം.5817) സുരേന്ദ്രൻ നായർ.വി. ശ്രീനിലയം, എടപ്പഴഞ്ഞി, ശാസ്തമംഗലം, നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 73 വയസ്സായിരുന്നു. ഭാര്യ: എം. രമാദേവി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# പി.ആർ.ലീലാമണി അന്തർജനം



പി.ആർ.ലീലാമണി അന്തർജനം ചങ്ങനാശ്ശേരി

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ റിട്ട . ഉദ്യോഗസ്ഥൻ സുഭാഷിന്റെ മാതാവ് നെടുമ്പാശ്ശേരി മേയ്ക്കാട് പടപ്പുമനയിൽ പി.ആർ.ലീലാമണി അന്തർജനം ( 89 ) അന്തരിച്ചു . ഭർത്താവ് : പെരുന്ന മുട്ടത്തുമഠത്തിൽ പരേതനായ ഗോവിന്ദൻ പോറ്റി ( കോട്ടയം ജില്ല സഹകരണബാ ങ്ക് റിട്ട. ഡി.ജി.എം . ) . മക്കൾ : സുഭാഷ് , സുനിൽ (നാഷനൽ ഇഷുറൻസ്, ചങ്ങനാശ്ശേരി) . മരുമക്കൾ : തങ്കം , ബിന .

കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ കോട്ടയം ജില്ലാ സെന്ററിന്റെ അനുശോചനം അറിയിക്കുന്നു പരേതാത്മാവിന് നിത്യശാന്തി നേരുന്നു .

# കെ.ആർ. വിശ്വംഭരൻ അന്തരിച്ചു



## കെ.ആർ. വിശ്വംഭരൻ

എസ്.ബി.ഐ. റിട്ട. ഉദ്യോഗസ്ഥ കോമളത്തിന്റെ ഭർത്താവും ഔഷധി ചെയർമാനും മുൻ എറണാകുളം കളക്ടറുമായിരുന്ന കെ.ആർ. വിശ്വംഭരൻ (72) അന്തരിച്ചു . മസ്തിഷ്കാഘാതത്തെ തുടർന്ന് ആലുവയിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആന്തരികാവയവങ്ങളുടെ പ്രവർത്തനം നിലച്ചതിനെ തുടർന്ന് സെപ്റ്റംബർ 17–ാം തിയതി വെള്ളിയാഴ്ച രാവിലെ 10 മണിയോടെയാണ് മരണം സംഭവിച്ചത്. കാനറാ ബാങ്കിൽ ഓഫീസറായാണ് ഔദ്യോഗിക ജീവിതം തുടങ്ങുന്നത്. ഫോർട്ട്കൊച്ചി തഹസിൽദാർ, പ്രോട്ടോക്കോൾ ഓഫീസർ , ഫോർട്ട്കൊച്ചി ആർ . ഡി.ഒ. , എറണാകുളം, ആലപ്പുഴ ജില്ലാ കളക്ടർ, ഉന്നത വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ടെൽക്കിന്റേയും റബ്ബർ മാർക്കിന്റേയും എം.ഡി. എന്നീ നിലകളിലും പ്രവർത്തിച്ചു. കാർഷിക സർവകലാശാല വൈസ് ചാൻസലറായാണ് വിരമിച്ചത്. മാവേലിക്കര കുന്നംകാവിൽ വീട്ടിൽ പരേതരായ അച്യുതന്റേയും തങ്കമ്മയുടെയും മകനാണ്. സിനിമാ സൂപ്പർ സ്റ്റാർ മമ്മൂട്ടിയുടെ സഹപാഠിയും ആത്മസുഹൃത്തുമായിരുന്നു. ഭാര്യ : കോമളം എസ്.ബി.ഐ. റിട്ട . ഉദ്യോഗസ്ഥ. മക്കൾ : അഭിരാമൻ, അഖില. മരുമക്കൾ : അഭികൃഷ്ണൻ, ഷബന. സംസ്കാരം 18.09.2021ന് ശനിയാഴ്ച രാവിലെ പതിനൊന്ന് മണിക്ക് പച്ചാളം ശ്മശാനത്തിൽ നടത്തി. ഭാര്യ കോമളത്തിന്റേയും കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ ദുഃഖത്തിൽ എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു .

## കണ്ണീരുപ്പ് കലർന്ന മമ്മൂട്ടിയുടെ സ്നേഹനൊമ്പരം

“48 വർഷത്തെ ഒരുമിച്ചുള്ള യാത്രയായിരുന്നു ഞങ്ങളുടേത് . ആ യാത്രയിൽ ഒരാൾ നഷ്ടപ്പെട്ടു. എന്റെ ഉയർച്ചകളിലും താഴ്ചകളിലും വിശ്വംഭരൻ ഉണ്ടായിരുന്നു . എന്റെ വിജയങ്ങളും പരാജയങ്ങളും പ്രിയ ചങ്ങാതി അവന്റേതായി കണ്ടു . പലപ്പോഴും ഞാൻ വീണു പോയിട്ടു ണ്ട് . അപ്പോൾ ഒരു കൈത്താങ്ങുമായി വിശ്വംഭരൻ കൂടെയുണ്ടായിരുന്നു-“ കഴിഞ്ഞ ദിവസം അന്തരിച്ച കെ.ആർ. വിശ്വംഭരനെ അവസാനമായി കണ്ട് വീട്ടിൽ തിരിച്ചെത്തിയ മമ്മൂട്ടിയുടെ സ്നേഹനൊമ്പരത്തിന്റെ വാക്കുകൾ.



വിശ്വംഭരൻ മമ്മൂട്ടിയോടൊപ്പം

# മേരി ദേവസ്യാ




എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ **കോട്ടയം യൂണിറ്റ് അംഗവും** എസ്.ബി.ഐ. റിട്ട. ചീഫ് മാനേജർ ജോസ് ഫിലിപ്പിന്റെ **ഭാര്യാ** മാതാവ് കരൂർ തൂക്കുപാലത്തിന് സമീപം മഞ്ഞക്കുന്നേൽ വീട്ടിൽ മേരി ദേവസ്യാ **നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. പാലാ ഏരിയാ അസ്സോസിയേറ്റ് അംഗം റാണി ജോസിന്റെ മാതാവാണ് പരേത. ശവസംസ്കാരം സെപ്റ്റംബർ** 22–ാം തിയതി ബുധനാഴ്ച്ച **രാവിലെ** പത്തര മണിക്ക് കരൂർ സേകട്ട് ഹാർട്ട് പള്ളി സെമിത്തേരിയിൽ നടന്നു.

**കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ** എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ **കോട്ടയം ജില്ലാ സെന്ററിന്റെ അനുശോചനം അറിയിക്കുന്നു പരേതാത്മാവിന് നിത്യശാന്തി നേരുന്നു .**

# കെ.വി.പ്രഭാകരൻ



**കെ.വി.പ്രഭാകരൻ**

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ **കോട്ടയം യൂണിറ്റ് അംഗവും അസി. ജനറൽ** സെക്രട്ടറി**യുമായ** പി.എസ്.രാജമോഹനൻ നായരുടെ മാതൃസഹോദരൻ കെ.വി.പ്രഭാകരൻ തമ്പലക്കാട്ട് സ്വവസതിയിൽ വച്ച് നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. 88 വയസ്സായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങൾക്ക് ചികിത്സയിലായിരുന്നു. ശ്രീമതി ഓമന, മക്കൾ ബീന, ബിന്ദു എന്നിവർ. മരുമക്കൾ: പ്രൊഫ. ചന്ദ്രമോഹൻ , ഡോ.ബാബു പുളിക്കൽ .

പി.എസ്.രാജമോഹനൻ നായരുടെ**യും കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ** എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ **പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു .**

# ബി.സരസ്വതി

എസ്.ബി.റ്റി. റിട്ട. എ.ജി.എം. എസ്. എസ്. ലാലയുടെ മാതാവ് ബി. സരസ്വതി അന്തരിച്ച വിവരം **വ്യസനസമേതം അറിയിക്കുന്നു.** 91 വയസ്സായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങൾക്ക് ചികിത്സയിലായിരുന്നു.



ബി.സരസ്വതി

മുതിർന്ന കോൺഗ്രസ്സ് നേതാവും എം.പിയും മുൻ മന്ത്രിയും നിയമസഭാ സ്പീക്കറുമായിരുന്ന വക്കം ബി. പുരുഷോത്തമന്റെ സഹോദരിയാണ്. ലാലയുടെ**യും കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ** എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ **പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു**

# പി.വി.സിറിയക്


# (കുര്യാച്ചൻ പുളിക്കീൽ)



പി വി സിറിയക്

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ **കോട്ടയം യൂണിറ്റ് അംഗവും** നമ്മുടെ വൈക്കം ഏരിയ അസ്സോസിയേറ്റ് **അംഗവുമായ** ശ്രീ ജോർജ് പി സി യുടെ പിതാവും , **കോട്ടയം യൂണിറ്റ് മെമ്പർ ശ്രീമതി ലില്ലിക്കുട്ടി ജോർജിന്റെ ഭർതൃ പിതാവുമായ** ശ്രീ പി വി സിറിയക് (കുര്യാച്ചൻ) **പാഴുത്തുരുത്ത് പുളിക്കീൽ നിര്യാതനായ വിവരം ഖേദ പൂർവം അറിയിക്കുന്നു, 94 വയസ്സായിരുന്നു. സംസ്കാരം കടുത്തുരുത്തി** റെയിൽവേ ഗേറ്റിനു നിപമത്തെ **മകന്റെ** വസതിയിലെ **ശുശ്രൂഷകൾക്കുശേഷം സെപ്റ്റംബർ 29-ാം തിയതി ബുധനാഴ്ച്ച രാവിലെ പത്ത് മണിക്ക് കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാ പള്ളിയിലെ** (താഴത്തുപള്ളി) **കുടുംബക്കല്ലറയിൽ നടന്നു. . ഭാര്യ മറിയക്കുട്ടി മുട്ടുചിറ ഇളമ്പാശ്ശേരി കുടുംബാംഗം . മക്കൾ : ലീലാമ്മ ചെങ്ങന്നൂർ , സിസ്റ്റർ. ലീന CMC . ( ഛത്തീസ്ഗഡ് മിഷൻ, പിഴക് ) ജോർജ്** (റിട്ട. **SI8 ) , ലൂസി,** ( **എറണാകുളം** ) , **മെയിംസ്** ( **അബുദാബി0 . കുഞ്ഞമ്മ** (**ഇലഞ്ഞി**) . **ജോഷി** ( **അബുദാബി** ) , **മരുമക്കൾ: രാജൻ കണ്ടത്തിൽ, ലില്ലി പാലാക്കാരൻ, എൻ . എ . സബാസ്റ്റ്യൻ നാടുവാഴിപ്പറമ്പിൽ , റാണി തടാകത്ത് , എൻ . വി . മാത്യു നടയ്ക്കൽ , ഷിബി . കോട്ടയം ജില്ല സെന്ററിന്റെ പേരിലുള്ള അനുശോചനം അറിയിക്കുന്നു ആദരാഞ്ജലികൾ!!**

# ഫ്രാൻസീസ്.റ്റി.ജെ. തെക്കേവീട്ടിൽ



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേ ഷന്റെ **എറണാകുളം യൂണിറ്റ് അംഗം (LM.7197) ഫ്രാൻസീസ്.റ്റി.ജെ. തെക്കേവീട്ടിൽ, എറണാകു ളം** നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. **ഭാര്യ: സിസിലി ഫ്രാൻസീസ്.** കുടുംബാംഗ **ങ്ങളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ** എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ **പങ്കു ചേരുന്നു.** പരേതാത്മാവിന് നിത്യശാന്തി **നേരുന്നു .**

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

## ഉപദേശക സമിതി

ശ്രീ.കെ.രാജീവൻ,

സംസ്ഥാന പ്രസിഡന്റ്

എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി

## പത്രാധിപ സമിതി

രക്ഷാധികാരി

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

മാനേജിംഗ് എഡിറ്റർ

**ശ്രീ.എം.ജി.രാഘവൻ**

ചീഫ് എഡിറ്റർ

**ശ്രീ.പി.പി.ഫിലിപ്പ്**

പത്രാധിപ സമിതി അംഗങ്ങൾ

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

കെ.എൻ.വിശ്വനാഥൻ നായർ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്യാമ്മ ആന്റണി

കെ.വി.ജോർജ്ജ്

കെ. കെ.പാപ്പച്ചൻ

**P.S:** ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങളും എല്ലാ അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.

ചീഫ് എഡിറ്റർ

SBI PENSIONERS' ASSOCIATION KERALA
KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O. KOTTAYAM, Pin - 686016
Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245
email: sbipakktym@gmail.com